# യയാതിചരിതം

# യയാതിചരിതം

## ഭാഷാനാടകം


തേലപ്പുറത്തു നാരായണനമ്പി

ഉണ്ടാക്കിയത്.



പരിഷ്കരിച്ച് ഒന്നാംപതിപ്പ്

കോപ്പി 500



[*All rights Reserved*]



ലക്ഷ്മീസഹായം പ്രസ്സ് മാനേജർ

പി. വി. കൃഷ്ണവാരിയരവർകളുടെ ചിലവിന്മേൽ

ടി. പ്രസ്സിൽ അച്ചടിച്ചത്.

**KOTTAKAL.**

**1914**

വില ആറണ

MIC / 15701

THE MALAYALAM IMPROVEMENT COMMITTEE
3 - FEB. 1921

# അവതാരിക

ഭാഷാഭിവൃദ്ധിക്കുവേണ്ടി പലേ പരിശ്രമങ്ങളും ചെയ്തിരുന്ന എന്റെ അമ്മാമൻ തീപ്പെട്ടുപോയ കടത്തനാട്ടു പോർളാതിരി ഉദയവൎമ്മ ഇളയതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം ഉണ്ടാക്കിയ ഈ നാടകത്തിന് അവതാരിക എഴുതേണ്ടുന്ന പ്രവൃത്തിക്ക് എന്നെ ഭരമേല്പിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ട്. "ഒരു പുസ്തകത്തിന്ന് ഒരു അവതാരികവേണം" എന്നു വെച്ചിട്ടുള്ള ഈ കാലത്തിൽ എന്റെ ഈ പ്രയത്നം ആവശ്യമില്ലാത്തതായും വരുന്നതല്ല.

പ്രസ്തുതനാടകത്തിന്റെ കൎത്താവായ തേലപ്പുറത്തു നാരായണനമ്പി പലേ അവസരങ്ങളിലും പലവിധം കൃതികൾ ഉണ്ടാക്കി സാഹിത്യലോകത്തിൽ ധാരാളമായി പ്രഖ്യാതി സമ്പാദിച്ച ഒരാളാകയാൽ അദ്ദേഹത്തെ വിശിഷ്യ പരിചയപ്പെടുത്താൻ ഞാൻ ഒരുങ്ങുന്നില്ല. ഈ നാടകം, ഭാരതകഥയ്ക്കനുസരിച്ച് നാടകസമ്പ്രദായത്തിൽ രംഗവിഭാഗം ചെയ്ത് അഞ്ചങ്കമായി കല്പിച്ചതിൽ കൃത്രിമങ്ങളായ പാത്രങ്ങളെ ഒന്നും പ്രവേശിപ്പിക്കാതെതന്നെ അതാതുസ്ഥലങ്ങളിൽ സഹൃദയന്മാരുടെ ഹൃദയത്തെ ആകൎഷിക്കത്തക്കവിധം രസപോഷം വരുത്തി സരളങ്ങളായ വാചകങ്ങളെക്കൊണ്ടും സരസങ്ങളായ പദ്യങ്ങളെക്കൊണ്ടും അഭിനയിപ്പാൻ സൗകൎയ്യവും കാണികൾക്കു കൌതുകജനകവുമാക്കി നിൎമ്മിച്ചതാണ്.

നാന്ദീശ്ലോകം കഥയെ ഭംഗിയായവിധം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നാന്ദീലക്ഷണങ്ങൾ അതിൽ പൂൎത്തിയായിട്ടില്ലെന്നു ചിലർ ആക്ഷേപിക്കുമായിരിക്കാം. "കാവ്യാൎത്ഥസൂചനം കൈശ്ചിന്നാന്ദ്യാമേവ പ്രയുജ്യതേ" എന്ന പ്രമാണത്തെ നല്ലവണ്ണം അനുസരിച്ചതുകൊണ്ടു മേല്പറ-

ഞ്ഞ ന്യൂനതയില്ല. പിന്നെ ഒരു ന്യൂനത പറയുവാനുള്ളതു് ആധുനികപരിഷ്ക്കാരത്തെ അനുസരിച്ച വാക്യങ്ങൾ സംഗീതസമ്പ്രദായത്തിലെഴുതാത്തതാണു്. അത്ര പ്രാചീനമഹാകവികളായ കാളിദാസപ്രഭൃതികളുടെ കൃതികളിൽക്കൂടി കാണാത്തതുകൊണ്ടു സാഹിത്യരസികന്മാൎക്കു പരിഭവജനകമാവില്ലെന്നായിരിക്കണം കവിയുടെ സമാധാനം. ഇതിൽ രണ്ടാമങ്കത്തിലെ ശൎമ്മിഷ്ഠയുടേയും ദേവയാനിയുടേയും കലഹം, രാജാവിന്റെ അടുക്കെ ശുക്രശിഷ്യന്മാരുടെ സന്ദേശക്രമം, നാലാമങ്കത്തിൽ ശുക്രനോടു ദേവയാനി പറയുന്ന "പുറമേ പറയുമ്പോളേതുമേ" എന്നാദിയായ ശ്ലോകം, വൃത്തിയോടു ശുക്രന്റെ ഉപദേശവാക്യം, പ്രത്യേകിച്ചു ശുക്രന്റെ വൈരാഗ്യസൂചകമായ "അപത്യദാരാദി" എന്നാദിയായ ശ്ലോകം, അഞ്ചാമങ്കത്തിൽ ശൎമ്മിഷ്ഠ തന്റെ മക്കളായ ദ്രുഹ്യ അനുദ്രുഹ്യ ഇവരോടു് അച്ഛന്റെ ജരാനര വാങ്ങാൻ പറഞ്ഞതനുസരിക്കാത്ത സംഗതിയിൽ ശൎമ്മിഷ്ഠയുടെ "ഗുരുതപെരില്ലാത്തോരുമക്കളെ" ഇത്യാദിശ്ലോകം, ആ അവസരത്തിൽ അണിയറയിൽനിന്നു പൂരുവിന്റെ "എന്താണമ്മേ എന്നെ വിളിക്കാതെ പോന്നിട്ടു് ഇപ്പോൾ ജ്യേഷ്ഠന്മാരുടെ നേരെ വക്കാണിക്കുന്നതു്" എന്നവാക്യം ഇവയെല്ലാം എത്രത്തോളം രസപുഷ്ടിയോടുകൂടി തീൎന്നിട്ടുണ്ടെന്നോ, ജനസാമാന്യത്തിന്നു് എത്ര അധികം ഉപദേശമായിത്തീൎന്നിട്ടുണ്ടെന്നോ ഉള്ള സംഗതി വായിച്ചുതന്നെ അറിയേണ്ടതാണു്. അസൂയ ലോകത്തിൽ അനൎത്ഥമുണ്ടാക്കിത്തീൎക്കുന്നതാണെന്നും ഗുരുഭക്തിയും വിനയവും എങ്ങിനെ ആയാലും ശ്രേയസ്സിന്നു ഹേതുവായിത്തീരുന്നതാണെന്നും ഈ നാടകം നാന്ദിമുതൽ ഭരതവാക്യംവരെ വായിച്ചാൽ കിട്ടുന്ന ഒരു മുഖ്യോപദേശമാണു്.

എ. കെ. ശങ്കരവൎമ്മതമ്പുരാർ

കടത്തനാട്

മഹാമഹിമശ്രീ

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ

# അഭിപ്രായം

തിരുവനന്തപുരം

4—12—13

തേലപ്പുറത്തു നാരായണൻനമ്പിക്കു

കഴിഞ്ഞ നവംബർ 24-ാനു- നിങ്ങൾ സാദരം അയച്ചുതന്ന 'യയാതിചരിതം' ഭാഷാനാടകം സന്തോഷപൂൎവ്വം കൈപ്പററി വായിച്ചുകഴിഞ്ഞിട്ടു കുറച്ചു ദിവസമായി എങ്കിലും ദേഹാസ്വാസ്ഥ്യത്തിനാലും പല സംഗതികളാലും നിങ്ങൾക്കു ഒരു മറുപടി അയയ്ക്കുന്നതിനു സാധിക്കാത്തതിൽ വാസ്തവമായി വ്യസനിക്കുന്നു. ഈ കൃതിയെ 'കവനോദയ'ത്തിൽ വായിച്ച ഓൎമ്മ എനിക്കു ഇപ്പോഴും നിലനില്ക്ക തന്നെ ചെയ്യുന്നു. ദേവയാനിയേയും ശൎമ്മിഷ്ഠയേയും സംബന്ധിച്ചുള്ള പ്രസിദ്ധമായ യായാതം ഉപാഖ്യാനം നാടകത്തിനു നല്ലവണ്ണം പററിയ ഒരു ഇതിവൃത്തമാണു്. അതിനെ ഇപ്രകാരം സരസമായും ഭംഗിയായും നാടകരൂപേണ ഘടിപ്പിക്കുന്നതിനു നമ്പിയെപ്പോലെയുള്ള വാസനാകവികൾക്കല്ലാതെ സാധിക്കുന്നതല്ല. നിങ്ങൾ ബ്രിട്ടീഷ് മലയാ

ളത്തിലേ ഭാഷാകവികളിൽ ഒരു ഉന്നതസ്ഥാനത്തെ ഇതിനു വളരെ മുമ്പുതന്നെ ആരോഹണം ചെയ്തിട്ടുള്ള സ്ഥിതിക്കു പ്രകൃതനാടകം നമ്പിയുടെ യശസ്സിന് എത്രയും അനുരൂപമായിരിക്കുന്നു എന്നല്ലാതെ വേറെ വിശേഷിച്ചൊന്നും പറവാൻ കാണുന്നില്ല. നാടകത്തിലെ പലപല ഭാഗങ്ങളും അത്യന്തം ഹൃദയംഗമങ്ങളും എന്നെ സാമാന്യത്തിലധികം രസിപ്പിച്ചിട്ടുള്ളവയും ആയിരിക്കുന്നു. നമ്പിക്കു ഗദ്യവും പദ്യവും ഒന്നുപോലെതന്നെ എഴുതുന്നതിനു നിസർഗ്ഗസിദ്ധമായ ഒരു പാടവം കാണുന്നതു് ഏതു സഹൃദയനേയാണ് വിസ്മയിപ്പിക്കയും രസിപ്പിക്കയും ചെയ്യാത്തത്?

*Kerala Varma (Signed)*

# യയാതിചരിതം

## ഒന്നാമങ്കം

നന്നോ ഞാനെന്നുമൊന്നിച്ചമരുമളവിലീ-
　　　നിമ്നഗാസംഗമീമ-
ട്ടെന്നോ നന്നായിയെന്നാൽ പ്രണയമതിനി നോം
　　　തമ്മിലിജ്ജന്മമില്ല
എന്നോതി ക്രോധമാർന്നോരചലമകളക-
　　　ന്നപ്പോഴേററം നടുങ്ങീ-
ട്ടന്നോരോ വിദ്യ ചെയ്യും വിഷമശരഹര-
　　　സ്വാമി കാമം തരട്ടേ. ൧

(നാന്ദിയുടെ അവസാനം)

സൂത്രധാരൻ—(പ്രവേശിച്ചു മുൻഭാഗത്തു നോക്കി സന്തോഷത്തോടെ) സൌജന്യാദിഗുണങ്ങളുടെ നിവാസഭൂമിയായ കടത്തനാട്ടു് ഉദയവൎമ്മ ഇളയ തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം നാനാദേശങ്ങളിൽനിന്നും വന്നുചേർന്നിരിക്കുന്ന വിദ്വാന്മാരുടെ ഈ സദസ്സു കേമം തന്നെ. ഇവരുടെ വിനോദത്തിനുവേണ്ടിത്തന്നെയായിരിക്കണം തിരുമനസ്സുകൊണ്ടു് എന്നെ കല്പിച്ചു വരുത്തിയതും. അതിനാൽ—

കലിമലമകലും മട്ടാദരാൽ സാധുലോകാ-
വലി കലിതവിലാസം തിങ്ങുമീരംഗഭൂവിൽ

ഫലിതമുതിരുമാറെൻ നാട്യമല്പം നടിച്ചാൽ
വലിയൊരു ബഹുമാനം കിട്ടുവാൻ മാർഗ്ഗമുണ്ടാം. ൨

(അണിയറയിലേക്കു നോക്കീട്ട്) ഇനിയും വേഷം കെട്ടികഴിഞ്ഞില്ലേ? ഇതെന്തൊരമാന്തമാണ്?

കാലേ കണ്ണെഴുതിക്കഴിഞ്ഞു വിരവിൽ-
കണ്ണാടിനോക്കിത്തരം
പോലേതാനമിതായതില്ലിതു നിന-
ച്ചോകെത്തുടങ്ങും തദാ
ചാലേ പിന്നെയുമാവിധം തുടരു;മി-
പ്പെണ്ണുങ്ങൾ വേഷംചമ-
ഞ്ഞാലേവം മതിയെന്നൊരിക്കലുമുറെ-
ക്കില്ലെന്നു ചൊല്ലേണ്ടതും. ൩

നടി—(പ്രവേശിച്ച്) അവിടുന്ന് ഓരോ വിശേഷസ്ഥലങ്ങളിലേക്കു പോകുമ്പോൾ ഞാനും കാണാറുണ്ട്. എടുത്ത വസ്തുങ്ങളൊന്നും ബോധിക്കയില്ല. കണ്ണാടി എത്രപ്രാവശ്യം നോക്കണം?

സൂത്രധാരൻ—തർക്കിച്ചുകൊണ്ട് നില്പാൻ ഇപ്പോൾ സമയമില്ല. കുററമെല്ലാം ഞാൻ സമ്മതിച്ചു. വേഗം നമ്മുടെ പ്രവൃത്തി നോക്കുക.

നടി—കഥ തീച്ചപ്പെടുത്തിയോ?

സൂത്രധാരൻ—തേലപ്പുറത്തു നാരായണനമ്പിയുടെ "യയാതിചരിതം" നാടകം തന്നെ വേണമെന്നാണു കല്പ

ന. ഭവതി ഇനി പതിവുപോലെ കഥക്ക് ആക്ഷേപമുണ്ടാക്കിത്തീൎത്തു നേരം വൈകിക്കരുത്.

നടി—എന്നാൽ ഇതു തന്നെ യാവട്ടെ; തിരുമനസ്സിലെ കല്പനപ്രകാരം ഉണ്ടാക്കിയതാകയാലും മററും എനിക്കു യാതൊരാക്ഷേപവുമില്ല. ഏതു ഋതുവിനെക്കുറിച്ചാണു ഞാൻ ഗാനം ചെയ്യേണ്ടത്?

സൂത്രധാരൻ—സംശയമുണ്ടോ? കണ്ടില്ലേ? ഇതാ ഈ ഉദ്യാനത്തിൽ—

നെടിയവ സമമാക്കിക്കൊണ്ടു കണ്ടിച്ച ശീമ-
ച്ചെടികളൊടിടചേൎന്നീ നാട്ടുപൂവല്ലിയെല്ലാം
അടിമുതൽ മുടിയോളം പൂത്തുനില്ക്കുന്നിതെങ്ങും
വടിവൊടിഹ വസന്തശ്രീവിലാസത്തിനാലേ. ൪

അത്രതന്നെയുമല്ല—

മെച്ചമൊടലൎന്നിരു ലതകളിൽ
വെച്ചണയുന്നീവസന്തകാലത്തിൽ
പിച്ചകലത വിടരാതൊരു
പിച്ചകമാൎന്നുള്ള മട്ടിൽ മരുവുന്നു. ൫

നടി—(പാടുന്നു)

മുല്ലബാലവല്ലി വാണിടുന്ന ദിക്കണഞ്ഞുടൻ
നല്ലകോകിലാരവേണ താതനാം വസന്തവും
ഫുല്ലഹാസശോഭ കണ്ടു നിൎഭരം പ്രമോദമാ-
ൎന്നല്ല നീക്കമാററിന്നു നന്മ ചേൎത്തിടുന്നിതാ. ൬

സൂത്രധാരൻ—പാട്ടുവിശേഷമായി. എന്നുതന്നെയല്ല,

താവകീനമൊഴിയാൽ സ്വപുത്രിയാം
ദേവയാനിയുടെ രാഗബന്ധനാൽ
കേവലം മതി മാന്നിരുന്നിട്ടും
ദേവവൈരിഗുരുവെ സ്മരിക്കുവൻ· ൧

അതിനാലിനി വേണ്ടതിന്നായി നമുക്കും പോവുക·

(രണ്ടാളും പോയി)

(പ്രസ്താവന കഴിഞ്ഞു)

(അനന്തരം ശുക്രമഹർഷിയും ദേവയാനിയും പ്രവേശിക്കുന്നു)

ശുക്രൻ—(വിചാരം)

നേരുള്ളാ, ശ്രുതിവാക്യമെത്ര ശരിയാ-
ണാത്മാവുതാൻ പുത്രനായ്-
ത്തീരുന്നു് പതിവായെനിക്കനുഭവ-
പ്പെട്ടുള്ള മട്ടാണിതും
ചേരുന്നില്ലിഹ തെല്ലുമിശ്രുതി, മനു-
ഷ്യർക്കാർക്കിലാണ്മക്കളിൽ
ചേരും നൽപ്രിയമില്ല തന്മകളിലെ-
ന്നീന്യായമന്യായമാം. ൨

ഇതു ശുദ്ധമേ അസംബന്ധംതന്നെ. സന്താനങ്ങളിൽ എന്തു വ്യത്യാസമാണ്? അങ്ങിനെ ആലോചിക്കുന്നതായാൽ പെൺമക്കളിലാണ് അധികം സ്നേഹം വേണ്ടത്· അ

വരുടെ സഹവാസം ബാല്യത്തിൽ മാത്രമല്ലേ ഉള്ളു. ഏ തായാലും എനിക്കിവളിൽ പ്രാണാധികമായ സ്നേഹമായി പ്പോയി. അതിന്നു ക്ഷണംപ്രതി വൎദ്ധനയുമാണ്. എ ന്തു ചെയ്യാം. ആലോചനയുള്ളവൎക്ക് ഈ കുടുംബബന്ധ ത്തിൽതന്നെ എന്തു സാരമാണുള്ളത്. എന്തെന്നാൽ,

പണ്ടു കണ്ടറിഞ്ഞിടാത്ത ലോകരെന്നിരിക്കിലും
രണ്ടു നാലു പേർ വഴിക്കലൊത്തുകൂടിയെങ്കിലോ
വീണ്ടുമാശു വിട്ടുപോകുമൊത്തു തെല്ലിരിക്കുമീ-
രണ്ടു മട്ടുമാമിവണ്ണമോൎക്കിലിക്കുടുംബവും. ൩

കാൎയ്യം അങ്ങിനെയൊക്കെയാണെങ്കിലും:—

വിഷയവാരിയിൽ മുങ്ങിയവൎക്കഹോ
വിഷമമീവകയായ വിചാരവും
ഋഷിദുരാസദമെൻ്റ തപോബലം
മുഷിതമായിതു മോഹവിരോധിയാൽ. ൧൦

ദേവയാനി—എന്താണ് അച്ഛൻ മനോരാജ്യം വിചാരിച്ചു കൊണ്ടിരിക്കുന്നത്?

ശുക്രൻ—വിശേഷിച്ചൊന്നുമില്ല.

ദേവയാനി—പോവാൻ വൈകീട്ടുള്ള വിചാരമായിരിക്കും. എന്നെ ഇപ്പോൾ ഇട്ടേച്ചു പോണം; അല്ലേ? ഞാന ട്ടൊക്കെ വരുന്നതുതന്നെ നല്ല ഇഷ്ടമില്ലാതായിത്തുടങ്ങി യിരിക്കുന്നു.

ശുക്രൻ—ശിവ! ശിവ! ഇങ്ങിനെ പറയരുതേ. എനി

ക്ക് ഏതു സമയവും നിന്നെപ്പിരിയുന്നതിൽ മരിക്കുന്നതിനു തുല്യമായ വേദനയുണ്ട്.

ദേവയാനി—അതൊക്കെ അച്ഛൻ വെറുതെ പറയുകയാണ്. മുമ്പെത്തെപ്പോലെ അച്ഛന് എന്നെ സ്നേഹമില്ല. അതെനിക്കു തീർച്ചയായിട്ടുണ്ട്.

ശുക്രൻ—കഷ്ടമേ! സദാ സമയവും നിന്റെ അഭ്യുദയത്തിലുള്ള കാംക്ഷയല്ലാതെ എനിക്കു മറ്റൊരു വിചാരമില്ല. നിനക്ക് അങ്ങിനെ തോന്നിയത് എന്തുകൊണ്ടാണ്?

ദേവയാനി—ഞാൻ പറഞ്ഞാൽ പിന്നെ അച്ഛനു മുഷിയും.

ശുക്രൻ—അങ്ങിനെ കിഴുക്കടെ ഉണ്ടായിട്ടുണ്ടോ?

ദേവയാനി—മുമ്പൊക്കെ അച്ഛൻ എന്നെ കണ്ടാൽ ഉടനെ വിളിച്ചു മടിയിലിരുത്താറില്ലേ? ഇപ്പോൾ ഞാൻ വളരെ നേരം അടുക്കെയിരുന്നാലും മടിയിൽ വെക്കുന്നുണ്ടോ?

ശുക്രൻ—മകളേ! ഇങ്ങിനെയാണോ തോന്നിയത്? നിനക്കിപ്പോൾ യൌവ്വനാരംഭമായി. ഞാനച്ഛനാണെങ്കിലും ഇനി മടിയിലിരുത്തുന്നതും മററം അന്യന്മാർ കണ്ടാൽ കുറെ ആഭാസമാണ്. പ്രായം എന്നും ഒരേ മാതിരിയിൽ ഇരിക്കയില്ലല്ലോ. എന്തെന്നാൽ,

കട്ടത്തിട്ടും പ്രേമമൊടാദിയിൽ പിതാ—
വെട്ടത്തു ലാളിച്ചിട്ടുമാത്മപുത്രിയെ,
അടുത്തു താരുണ്യമവൾക്കതെങ്കിലോ
കൊടുത്തയക്കുന്നിതു മറെറാരുത്തനായ്. ൧൧

ദേവയാനി—എന്നാലതു പോട്ടെ. വേറെയും കാരണങ്ങളുണ്ടു്.

ശുക്രൻ—കേൾക്കട്ടെ.

ദേവയാനി—

കെട്ടുന്നു കനകം തനിച്ചു പണിചെ-
യ്യിച്ചുള്ള ഭൂഷാദിയേ-
ക്കിട്ടുന്നോ നവരത്നമാല മുതലാ-
യുള്ളോരു പണ്ടങ്ങൾ മേ
ഒട്ടും നല്ലതരത്തിലില്ല മുറിയും
മുണ്ടും നിനച്ചീടുകിൽ-
പ്പട്ടുണ്ടോ പതിവായുടുക്കുവതിന-
പ്പീതാംബരാദ്യങ്ങളും. ൧൨

ശുക്രൻ—ഇതുതന്നെയാണോ?

ദേവയാനി—ഇതുമാത്രമല്ല,

ചൊല്ലാവല്ലതഹോ മറന്നനിലയോ
മാണിക്യരത്നം പതി-
ച്ചല്ലാതാഭരണങ്ങളേതുവകയും
ശർമ്മിഷ്ഠ തൊട്ടീടുമോ?
എല്ലാ നേരവുമായിരം സഖികളോ-
ടൊത്താണു ലാത്താറമെ-
ന്നെല്ലാമായവൾതന്നവസ്ഥയൊരുനാ-
ളച്ഛൻ കഥിച്ചീലയോ? ൧൩

താവും പ്രമോദമൊടു ഞാൻ പതിവായ് കുളിപ്പാൻ
പോവുമ്പൊഴും ബത വരുമ്പൊഴുമാരു കൂടെ?

ആവുന്നതല്ലിവ നിനപ്പതിനെൻമനസ്സു
വേവുന്നിതെന്തുസുഖമാണിഹ ചിന്തചെയ്താൽ. ൧൪

ശുക്രൻ—(വിചാരം) ഇവളുടെ മനസ്സു നിർമ്മലമാണെന്നു വിചാരിച്ചിരുന്നു; അസൂയാവിഷ്ടമായിട്ടാണ് ഇപ്പോൾ കാണുന്നത്. (പ്രകാശം) ത്രൈലോക്യം മുഴുവനും ഏകശാസനയിൽ ഭരിക്കുന്ന അസുരചക്രവർത്തിയായ വൃഷപർവ്വാവിന്റെ പുത്രിയുടെ സ്ഥിതിയിലായില്ലെന്നോ? അതു നമുക്കെങ്ങിനെ സാധിക്കും?

ദേവയാനി—ഇത്രയെല്ലാം തപോബലമുള്ള അച്ശൻ ആ രാജാവിന്റെ കുലഗുരുവായിരിക്കെ അദ്ദേഹം നമ്മെയും ആ സ്ഥിതിയിൽതന്നെ വെക്കേണ്ടതല്ലേ?

ശുക്രൻ—അദ്ദേഹത്തിന്റെ ഒരു ദയകൊണ്ടല്ലേ നോം ഈവിധമെങ്കിലും കഴിഞ്ഞുകൂടുന്നത്? നമുക്ക് ഈ നിലയൊക്കത്തന്നെ മതി; രാജപുത്രിയെപ്പോലെ തന്നെയില്ലെങ്കിലും ഒരു പ്രഭുപുത്രിയെപ്പോലെ നീയും കഴിഞ്ഞുവരുന്നുണ്ട്.

ദേവയാനി—അച്ശൻ വിചാരിച്ചാൽ അതുപോലെതന്നെ കഴിയുവാൻ ഞെരുക്കമില്ലല്ലോ.

ശുക്രൻ—അതെങ്ങിനെയാണ്?

ദേവയാനി—ആയാളോടു തന്റെ അഭിലാഷം പറയുക. അതു നിവൃത്തിയാക്കാത്തപക്ഷം ശപിച്ചു വെണ്ണീറാക്കുക തന്നെ.

ശുക്രൻ—കഷ്ടം കഷ്ടം! അതൊരിക്കലും പാടില്ല; അ

ദ്ദേഹം എത്രയോ വിശിഷ്ടൻ. എന്റെമേൽ പൂർവ്വന്മാരേക്കാൾ അധികമായ ഭക്തിസ്നേഹാദികളുള്ള കൂട്ടത്തിലുമാണ്.

ദേവയാനി—ആട്ടേ രാജധാനിയിലേക്ക് അച്ഛൻ പോകുമ്പോൾ എന്നേയും കൊണ്ടുപോകാമെന്നു ദിവസവും പറയാറില്ലേ? ഇതുവരെ അത് ഉണ്ടായോ?

ശുക്രൻ—നിണക്കതു ബുദ്ധിമുട്ടായിത്തീരുമെന്നു വിചാരിച്ചാണ് ഞാൻ മടിക്കുന്നത്. കുട്ടികൾക്കും മററും അവിടെ ചെന്നാൽ പേടിയുണ്ടാകാതെയിരിക്കയില്ല.

ദേവയാനി—അതെന്താണ്?

ശുക്രൻ—

ആരും കാണ്കിൽ നടുങ്ങിടുന്ന നിലയിൽ
പ്പാററാവുകാരും ഹരി-
ക്കാരും ഭീഷണവേഷമങ്ങിനെ ധരി-
ച്ചോരോ ഭടൌഘങ്ങളും
തേരും ദന്തിയുമായ് തിരക്കപെരുകും
രാജാലയേ പോയ് മുദാ
പോരുംകാര്യമതിന്നഹോ പരിചയ-
ക്കാരും പരുങ്ങീടുമേ. ൧൫

ദേവയാനി—

എന്നാലും ജനകന്റെകൂടെ വരികിൽ
പ്പേടിക്കയില്ലങ്ങു ഞാൻ
ചെന്നാലെത്ര വിശേഷമൊക്കെയെവിടെ-
ക്കാണേണ്ടതുണ്ടായ് വരും

എന്നല്ലന്യാപുത്രിയേയുമഴകിൽ-
ച്ചജ്ഞാതിയാക്കാം മറ-
ല്ലെന്നല്ലേ രസമേറെയുള്ള നിനവൊ-
ന്നുള്ളിൽ കിടപ്പുള്ളതും. ൧൩

ശുക്രൻ—ആകട്ടെ രീച്ചപ്പെട്ടതാം.

അണിയറയിൽ—ഋഷീശ്വരനു നമസ്കാരം.

ശുക്രൻ—ആരാണത്? നിപുണകനോ?

അണിയറയിൽ—ഞാൻ, അടിയൻതന്നെ.

ശുക്രൻ—ഇങ്ങട്ടു വരാം.

(നിപുണകൻ പ്രവേശിച്ചു തൊഴുതുനിൽക്കുന്നു)

ദേവയാനി—അച്ഛാ! ആരാണിത്?

ശുക്രൻ—എന്റെമകൾ രാജസന്നിധിയിലേക്കു പോരാൻ ദിവസേന ശാഠ്യം പിടിക്കാറുണ്ടെന്നും മറ്റും ഇന്നലെ ഞാൻ രാജാവിനോടു പറകയുണ്ടായി. അപ്പോൾ ഉദ്ദേഹം വളരെ സന്തോഷിച്ചു ക്ഷണിക്കുകയും നാളെ സ്വന്തം തേരോടുകൂടി ആളെ അയക്കാമെന്നു പറകയും ചെയ്തിരുന്നു. അതുപ്രകാരം തേരുംകൊണ്ടു വന്നിട്ടുള്ള ഇയ്യാൾ മഹാരാജാവിന്റെ സാരഥിയാണ്.

ദേവയാനി—ഇതു വലിയ അനുഗ്രഹമായി. തേരെവിടെയാണ്? ഞാൻ തേരെന്നു കേട്ടിട്ടേ ഉള്ളൂ. ഇപ്പോൾ തന്നെ അതൊന്നു കാണണം.

നിപുണകൻ—ആശ്രമത്തിന്റെ പുറത്താണ്. എല്ലാം തെ

ട്ടാറായിരിക്കുന്നു. സമയമായാൽ എഴുന്നെള്ളാം.

ശുക്രൻ—എന്നാൽ വേഗം പുറപ്പെടുകയല്ലെ? നീ വസ്ത്രവും മററും മാറി വേഗം വരിക.

ദേവയാനി—വസ്ത്രം ഇതുതന്നെ മതി. (ചെകിട്ടിൽ എന്തോ പറയുന്നു.)

ശുക്രൻ—അങ്ങിനെയാവട്ടെ. എന്നാലിതുതന്നെ മതി. നിന്റെ ആഗ്രഹം സാധിക്കാതിരിക്കയില്ല.

(എല്ലാവരും ചുററിനടക്കുന്നു)

ദേവയാനി—(മുൻപുറത്തു നോക്കീട്ട്) എന്താണച്ഛാ! ഒരു വലിയ മരത്തിന്മേൽ ഒരു ശീല തൂക്കികാണുന്നത്?

ശുക്രൻ—(ചിരിച്ചിട്ട്) അതു തേരിന്റെ കൊടിയടയാളമാണ്.

ദേവയാനി(സൂക്ഷിച്ചു നോക്കീട്ട്)ഇതെന്ത് അത്ഭുതമാണ്?

ആട്ടം വാലിതു താപസകിശവർതൻ
താടിക്കു തുല്യം നിറം
കൂട്ടം കാലുകളും പെരുത്ത തടിയും
പാക്കിൽ പശുപ്രായമാം
നീട്ടുന്നോരു കഴുത്തിലൊക്കെ നെടുതാം
രോമങ്ങൾ ഹാ! കൊണ്ടവർ
കാട്ടുന്നു ചിറിയാലെ യീ വികൃതരാം
ജന്തുക്കളെന്താണഹോ. ൧൭

ശുക്രൻ—കുതിരകളെന്നു കേട്ടിട്ടില്ലേ?

ദേവയാനി—ഇവരെക്കൊണ്ട് എന്താ കാൎയ്യം?

ശുക്രൻ—

വേണ്ടുന്നനേരമിവർ തേരു വലിച്ചു കൊണ്ടു
മണ്ടുന്നു മന്നവനു യാത്രയിലാത്തവേഗം
ഉണ്ടുത്തമക്രതുവിനും ചിലതങ്ങിവറ്റെ
ക്കൊണ്ടുള്ള ശത്രുജയസിദ്ധിയുമിദ്ധരായാം. ൩൭

അസുരരാജാവിന്റെ ഈ കുതിരകൾക്ക് ആകാശയാനം കൂടി അറിയാം. (ചൂണ്ടിക്കാണിച്ചിട്ട്)ഇതാണ് രഥം.

ദേവയാനി—ഇതു വിശേഷം തന്നെ. കൌതുകസാധനങ്ങൾ പലതും ഇന്നു കാണ്മാൻ സംഗതിയാകുമെന്നു തോന്നുന്നു.

നിപുണകൻ—എന്നാൽ എഴുന്നള്ളി കയറുകയല്ലേ?

(ശുക്രൻ ദേവയാനിയെ കരേറ്റി താനും രഥാരോഹണം നടിക്കുന്നു).

നിപുണകൻ—വിട്ടുകൊണ്ടു തെളിക്കട്ടെ?

ശുക്രൻ—അങ്ങിനെതന്നെ.

(നിപുണകൻ അശ്വതാഡനം നടിക്കുന്നു)

ശുക്രൻ—(രഥവേഗം നടിച്ച്)

കണ്ടീലയോ ജവനവാജികൾ ചേൎന്നു കൊണ്ടു-
മണ്ടീടുമീ രഥവരത്തിനെഴുന്ന വേഗം
കണ്ടോരകന്ന ഗിരിപംക്തികളാശു കാണ്മാ-
നുണ്ടോ വനാദ്രികൾ തിരിച്ചറിയുന്നതുണ്ടോ? ൩൮

ദേവയാനി—

ചിത്രം രഥത്തിനുടെ ശീഘ്രതഹേതുവാലെൻ
ഗാത്രം സമസ്തമിളകീടണമെന്നിരിക്കേ

നേത്രം വലത്തു വലങ്കരമോക്കിലിത്ര
മാത്രം വിറപ്പതിനു കാരണമെന്തിവണ്ണം· ൨൦

ശുക്രൻ—എന്തോ ഒരു അശുഭസൂചകമാണിതു്. ഈശ്വ
രനെ നല്ലവണ്ണം വിചാരിച്ചുകൊള്ളുക· എന്നാല
തൊന്നും സാരമാവില്ല· (മുമ്പിൽ നോക്കീട്ടു്)രാജധാ
നിക്കു് എത്തിക്കഴിഞ്ഞു· ഇതാ കാണുന്നില്ലേ?

മാററുള്ളോരു സുവർണ്ണനിർമ്മിതമതി-
ല്ക്കെട്ടും, പുറത്തായതിൻ
ചുററും നല്ലമൃതാംബു വാർന്നൊഴുകുമാ-
ററെങ്ങും കിടങ്ങും തഥാ
മുററം കാഞ്ചനശൈലശൃംഗസമമായ്
മിന്നുന്ന സൌധങ്ങളും
മററും ചേർന്നു വിളങ്ങുമിപ്പുരവരം
കാണേണ്ടതാണേവനും· ൨൧

എന്നുതന്നെയല്ല,

പൊന്നിൻമേല്പുരയാണിതിൽപ്പുരനിരെ-
ക്കെല്ലാ,മവയ്ക്കുള്ളകം
തന്നിൽപ്പിന്നെ വിശേഷവസ്തു പറവാ-
നെന്തൊക്കെയുണ്ടായിട്ടും
ചിന്നിച്ചിന്നിയുമങ്ങുമിങ്ങുമധുനാ
കണ്ണിൽ തറെക്കുംവിധം
മിന്നിക്കൊണ്ടു വിളങ്ങിടും പലതരം
രത്നങ്ങൾ കണ്ടീലയോ? ൨൨

ദേവയാനി—ഇതിന്റെ പ്രഭ കണ്ണിൽ തറയ്ക്കുന്നതുകൊണ്ടു ഞാൻ കുഴങ്ങുന്നു.

ശുക്രൻ—ഇതാ ഗോപുരദ്വാരം സമീപിച്ചു. തേരു നിറുത്തുക തന്നെ.

നിപുണകൻ—കല്പനപോലെ (തേരുനിറുത്തുന്നു)

(അണിയറയിൽ കോലാഹലം)

ശുക്രൻ—ദേവയാനി! ഭയപ്പെടേണ്ട.

(പിന്നെയും അണിയറയിൽ)

ഒന്നിച്ചാരും വേണ്ട; ഋഷീശ്വരനെ എതിരേൽക്കുവാനെഴുന്നെള്ളുകയാണ്.

ശുക്രൻ—(കേട്ടിട്ട്)

നാടേറനാളായ് നലമോടു രക്ഷി-
ച്ചീടേറിടും നമ്മുടെ നാഥനിപ്പോൾ
കൂടേ പരിക്കാരരൊടൊത്തു ഭക്തി-
യോടേ വരുന്നുണ്ടു ഭയപ്പെടേണ്ട. ൨൭

(നോക്കീട്ട്) അല്ലാ! പ്രിയപുത്രിയായ ശർമ്മിഷ്ഠയും ഒന്നിച്ചു തന്നെയുണ്ടോ? ഇതു നിന്റെ വരവുനിമിത്തമാണ്.

(രാജാവും പരിക്കാരനും ശർമ്മിഷ്ഠയും പ്രവേശിക്കുന്നു)

രാജാവ്—

മതിയിൽ മാച്ചുവരുത്തി മുഴുത്തഹ-
മ്മതി തുടങ്ങിയ ദോഷമശേഷവും
പതിവിലോതിയകറ്റിടുവാൻ കൃപാ-
മതിയെഴും ഗുരുനാഥനു വന്ദനം. ൨൮

(നമസ്കരിക്കുന്നു)

ശുക്രൻ—അഖണ്ഡകീർത്തിയായി വരട്ടെ. (അനുഗ്രഹിക്കുന്നു)

രാജാവ്—(ശർമ്മിഷ്ഠയോട്) ഇതാ ഗുരുപുത്രിയെ നിണക്കു ഏല്പിച്ചുതരുന്നു. യാതൊരനിഷ്ടവും കൂടാതെ കൊണ്ടുനടക്കണം.

ശർമ്മിഷ്ഠ—എനിക്കു പുതുതായ ഈ സഖിയെ കിട്ടിയതിനാൽ വളരെ സന്തോഷമുണ്ട്.

രാജാവ്—എന്നാലിനി അകത്തേക്കു എഴുന്നെള്ളുകയല്ലേ?

ശുക്രൻ—അങ്ങിനെതന്നെ.

(എല്ലാവരും പോയി)

(ഒന്നാമങ്കം കഴിഞ്ഞു)

## രണ്ടാമങ്കം

(അനന്തരം വൃദ്ധകഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി—(നെടുവീർപ്പിട്ടിട്ട്)

എത്തും വീജോലിനോക്കാതനുഭവമരുളാം
ശമ്പളം പാതിയെന്നാ-
യോതുന്നൂ തമ്പുരാനെങ്കിലുമിതുവരെ ഞാൻ
കൃത്യമെത്തിച്ചുപോന്നു.
കാതും കണ്ണും നിനച്ചാൽ മുഖമിതിനൊരല-
ങ്കാരമെന്നായി, ചിത്തേ
ചാതുര്യം നാസ്തിയായീ മമ ദുര കഠിനം
വിട്ടുപോയിട്ടുമില്ല.

(ആലോചന നടിച്ചു) കഷ്ടം! ദുരകൊണ്ടാണോ?

മുട്ടിടാതെ ദിവസേന വലഞ്ഞീ-
മട്ടിലിപ്പണിയെടുപ്പതുമൂലം
പട്ടിണിക്കടിമയായി വരാതെൻ
വീട്ടിലുള്ളവർ കഴിഞ്ഞുവരുന്നു. ൨

ഞാനിപ്പോൾ പ്രവൃത്തിക്കു മതിയായിട്ടല്ല, എങ്കിലും തീപ്പെട്ടതമ്പുരാനിലുള്ള ഭക്തിനിമിത്തം അവിടുത്തെ ആശ്രിതനായിരുന്ന എന്നെ ഈ തമ്പുരാൻ നീക്കിക്കളയുന്നില്ലെന്നേ ഉള്ളൂ. എന്തായാലും ഈ നിലയിലെത്തിപ്പാൻ തന്നെ ഇനി അസാധ്യമാണ്. മകൻ ശങ്കരദാസന്നു പതിനെട്ടു തികയുവാൻ രണ്ടുമാസമേ ഉള്ളൂ. അതുവരെ എങ്ങിനെയെങ്കിലും ഒപ്പിക്കുകതന്നെ. (തപ്പിത്തടഞ്ഞുകൊണ്ടു രണ്ടുമൂന്നടി നടക്കുന്നു)

(ഒരു സ്ത്രീ പ്രവേശിക്കുന്നു)

സ്ത്രീ—അമ്മാമന്നു നമസ്കാരം.

കഞ്ചുകി—(സൂക്ഷിച്ചുനോക്കീട്ട്) കുട്ടിത്തമ്പുരാട്ടിയുടെ ദാസി സുമതിയല്ലേ അത്?

സ്ത്രീ—അതേ.

കഞ്ചുകി—എനിക്കു കണ്ണിന്നു അശേഷം കാഴ്ചയില്ലാതായി. ആരേയും കണ്ടാലറിയില്ല. നീയിപ്പോൾ എങ്ങട്ടാണു പോകുന്നത്. ചൊവ്വല്ലായ്മയും മറവുമില്ലല്ലോ?

സുമതി—അമ്മാമൻ കോവിലകത്തെ തിരക്കൊന്നും അറിഞ്ഞില്ലെന്നുണ്ടോ?

കഞ്ചുകി—എന്റെ ഈശ്വരാ! ഞാനൊന്നും അറിഞ്ഞില്ലേ. എനിക്ക ചെവിട്ടോൎമ്മയും അശേഷം ഇല്ലാതായിരിക്കുന്നു. എന്തെല്ലാമാണ്? പറയു.

സുമതി—തമ്പുരാന്റെ ഗുരുനാഥൻ മഹൎഷി മകളോടുംകൂടി ഇന്നാൾ കോവിലകത്തു വന്നിരുന്നു.

കഞ്ചുകി—എന്നിട്ടോ?

സുമതി—അവളും കുട്ടിത്തമ്പുരാട്ടിയും വളരേ സ്നേഹത്തിൽ നാലുദിവസം ഒരുമിച്ചു താമസിക്കയുണ്ടായി.

കഞ്ചുകി—ആ ശുക്രന്റെ മകൾ വലിയ "നശൂലാ കെട്ടതാ"ണെന്നു ഞാൻ കേട്ടിട്ടുണ്ട്. ഒപ്പം താമസിപ്പിക്കാനും മററും കൊള്ളല്ല. എന്തേ? വല്ലതും മോഷ്ടിച്ചുവോ?

സുമതി—(മുടങ്ങാതെ വിറച്ചുകൊണ്ട്) എന്നാൽ വേണ്ടില്ലയായിരുന്നുവല്ലൊ.

(കരയുന്നു)

കഞ്ചുകി—മകളേ! നീ എന്തിനു കരയുന്നു. ധൈൎയ്യം ഭാവിക്ക. കാൎയ്യം പറയു.

സുമതി—ഒരു നേരം ഞങ്ങളെല്ലാവരും തമ്പുരാട്ടിയുംകൂടി പുഴയിൽ കളിക്കുമ്പോൾ വസ്ത്രമഴിച്ചുവെച്ചിരുന്നു. പുഴയിൽനിന്നു കയറിയപ്പോൾ അറിയാതെ അവളുടെ വസ്ത്രം തമ്പുരാട്ടിയെടുത്ത് ഉടുത്തുപോയി. അതുനിമിത്തം അവർതമ്മിൽ വളരെ വാക്കേററമുണ്ടായി.

കഞ്ചുകി—അതിനു വാക്കേററം വേണ്ടിയിരുന്നുവോ? അവൾ അസുരക്കാരത്തിയെന്നു നിശ്ചയമില്ലേ? തമ്പുരാട്ടിയെങ്കിലും അടങ്ങേണ്ടതായിരുന്നു.

സുമതി—അവിടുന്ന് ആദ്യം വണക്കത്തോടുകൂടി തന്നെയാണ് അരുളിച്ചെയ്തത്. "ഇപ്പോൾ ആ വസ്ത്രംതന്നെ ഉടുത്തുകൊള്ളു. ഈ തൊററിന് അവിടെ എത്തിയാൽ വിലപിടിച്ച വസ്ത്രം തന്നേക്കാം" എന്നു കേട്ടപ്പോൾ അവൾ "ഋഷിപുത്രിയായ ഞാൻ നികൃഷ്ടയായ നിന്റെ വിഴുപ്പുവസ്ത്രം ഉടുക്കുമോ?" എന്നും മററും ശണ്ഠകൂടി. അപ്പോൾ "ഞാൻ നീ പറഞ്ഞതൊക്കെ കേൾക്കാമെങ്കിലും എന്റെ അച്ഛനറിഞ്ഞാൽ കോപിക്കും" എന്നാണ് തമ്പുരാട്ടി പറഞ്ഞതു്. അതുകേട്ട് അവൾ "അറിയും അറിയും. നിന്റെ അച്ഛനെ ആർക്കു പേടിയുണ്ടു്?"

"ജനതതിയെ വലപ്പാനെന്നുമുദ്യുക്തനാം നിൻ
ജനകനുടെ മഹത്വം ഹന്ത! വാഴ്ത്തുണ്ടതത്രെ
അനവധി മഘമായാൽ ശൂന്യമായ് തീർത്തുവെന്ന-
ല്ലനഘവിബുധവൃന്ദത്തിങ്കലത്യന്തവൈരി." ൩.

എന്നുപറഞ്ഞു.

കഞ്ചുകി—ശിവശിവ! ആ ദുഷ്ടത്തിയുടെ നാവു പുഴുത്തില്ലേ?

സുമതി—അച്ഛനെ കഠിനമായി ദുഷിച്ചപ്പോൾ തമ്പുരാട്ടിക്കും കുറെദ്വേഷ്യം വന്നു. "എടി തെമ്മാടി! നീയെന്റെ അച്ഛനെക്കൂടി നിന്ദിക്കുന്നുവോ?

"നിന്ദ്യൻ മദീയജനകൻ തവ താതനേററം
വന്ദ്യൻ വിവാദമിതിലില്ലതു സമ്മതിക്കാം

എന്നാലുമെൻെറ ജനകൻ പതിവായ് തരുന്ന
മുന്നാഴി തിന്നു മരുവും കഥ നീ മറന്നോ?" ൪

എന്നു പറഞ്ഞതു കേട്ടപ്പോൾ അവളും കോപാക്രാന്തയായി ഇങ്ങിനെ പറഞ്ഞു.

"എന്താതനോക്കുക തപോമയഹവ്യവാഹൻ;
നിന്താതനായവനുഴന്നങ്ങിയ പുല്ലുതന്നെ;
എന്താണു ചൊൽവതൃഷിവല്ലഭനെങ്ങു? ദേവ-
സന്താപകാരി ശഠനെങ്ങു കഠോരബുദ്ധേ!" ൫

എന്നിനു പറയുന്നു. അവളുടെ ക്രൂരവാക്കുകൾ കേട്ടു സഹിച്ചുകൂടാതായിട്ട് ഇങ്ങിനെയാണ് അരുളിചെയ്തത്.

"ഇക്കാണും ലോകമെല്ലാം പരിചൊടു പരിപാ-
ലിച്ച മുക്കണ്ണനെത്ത-
ന്നുൾക്കാമ്പിൽച്ചേത്തുകൊണ്ടങ്ങിനെ മരുവിടുമെൻ
താതനിൽ ജാതഗവ്വം
ധിക്കാരം ചെയ്യിടുന്നോ? ധരണിയിലലയും
തെണ്ടിവർഗ്ഗങ്ങളേവം
വക്കാണത്തിന്നു വന്നാൽ വലിയവരതു കേ-
ട്ടെത്രമാത്രം സഹിക്കും?

"ഒററക്കണ്ണൻ മുനിയുടെ
ചെററപ്പെണ്ണിൻ ശകാരമതികഠിനം
കേട്ടതു മതിമതിയിവളേ-
പ്പൊട്ടക്കിണററിന്നകത്തു കൊണ്ടുവിടിൻ." ൬

കഞ്ചുകി—അതു സമയോചിതമായി-പിന്നെ?

സുമതി—(കരഞ്ഞുകൊണ്ട്)പിന്നെയത്തെ കഥയെന്താണ് പറയേണ്ടത്? ആ ദുഷ്ട ചെന്ന് അവളുടെ അച്ഛനോടു സങ്കടം പറഞ്ഞപ്പോൾ ആയാൾ കോപിച്ചു തമ്പുരാനെ ശപിക്കാനൊരുങ്ങിയസമയം അവിടുന്നു വളരെ അവിധ പറഞ്ഞതിനാൽ അവളുടെ ആവശ്യപ്രകാരം തമ്പുരാട്ടിയും ഞങ്ങളെല്ലാവരും അവളുടെ ദാസിമാരായിതീർന്നിരിക്കുന്നു.

കഞ്ചുകി—അയ്യയ്യോ! വലിയ കഷ്ടം! കേൾക്കാൻവയ്യ. എങ്ങിനെയാണിശ്വരാ! ഇനി കുട്ടിത്തമ്പുരാട്ടി കഴിഞ്ഞുകൂടുക. ഇതിനെല്ലാം അവൾ പകരം ചോദിക്കില്ലേ? ഇങ്ങിനെയൊരു കഷ്ടകാലം വന്നല്ലോ. ആ അശ്രീകരത്തിനെ കിണററിൽനിന്ന് ആരാണ് കയററിവിട്ടത്?

സുമതി—യയാതിമഹാരാജാവു നായാട്ടിനു പോയിവരുന്നസമയം നിലവിളി കേൾക്കുകയും അവിടെ എത്തി കരേറ്റാക്കി കൊടുക്കുകയും ചെയ്യുതായി കേട്ടു.

കഞ്ചുകി—ആ രാജാവിനെത്തന്നെയായിരുന്നുവല്ലോ തമ്പുരാട്ടിക്കും ആഗ്രഹം. അദ്ദേഹം വലിയ യോഗ്യനമായിരുന്നു. എന്തുചെയ്യാം? ഇനിഅതൊന്നും സാധിക്കുമെന്നുതോന്നുന്നില്ല.

സുമതി—അദ്ദേഹം നല്ല സ്ഥിരതയുള്ള ആളാകയാൽ കുട്ടിത്തമ്പുരാട്ടിയിൽ പെട്ടിട്ടുള്ള അനുരാഗത്തെ ഒരിക്കലും മാറുകളയുകയില്ല. എന്നല്ല, വല്ലവഴിയും എടുത്തു ഗുണമാക്കുകയും ചെയ്യും.

കഞ്ചുകി—എന്നാൽ അദ്ദേഹത്തിനെ ഇതൊന്ന് അറി
യിക്കണ്ടേ?

സുമതി—അദ്ദേഹത്തിന്ന് ഇവിടുത്തെ സ്ഥിതിയൊക്കെ എ
ന്നും ഗൂഢമായിട്ട് അന്വേഷണമുണ്ട്.

കഞ്ചുകി—ആ ഒററക്കണ്ണന്റെ മകൾ കണ്ണിലുണ്ണിയാണ്. ഇ
നിയും എന്തെല്ലാമാണാവോ ദുർഘടമുണ്ടാകുന്നത്?
നീ പിന്നെ ഇങ്ങോട്ടുവന്നത് എന്താണ്?

സുമതി—ദേവയാനിയുടെ കൂടെ പാർപ്പാൻ ആശ്രമത്തിങ്കലേ
ക്ക് എഴുനള്ളുന്നതിനോടുകൂടെ ഞങ്ങൾ ആയിരം പേ
രും പോവുകയാണ്. അതിന്ന് അമ്മാമനോടു യാത്രപ
റവാൻ വേണ്ടി ഇവിടെവന്നു.

കഞ്ചുകി—നന്നായി വരട്ടെ. തമ്പുരാട്ടിക്കുട്ടിയെ നല്ലവണ്ണം
നോക്കണേ.

സുമതി—നല്ലതു വരാൻ നിങ്ങളാൽചിലരെപ്പോഴും അനുഗ്ര
ഹിക്കണം.

കഞ്ചുകി—മകളേ! വ്യസനിക്കേണ്ട; എല്ലാം നന്നായിവരും.

സുമതി—എന്നാൽ ഞാൻ പോകട്ടെ.

കഞ്ചുകി—അങ്ങിനെ തന്നെ; ഞാനും തിരുമുൻപാകെ ഒ
ന്നു പോകട്ടെ. ഇപ്പോഴെങ്കിലും ഈ വിവരം അറിവാ
നിടവന്നുവല്ലൊ.

(രണ്ടാളും പോയി)

(പൂർവ്വാംഗം കഴിഞ്ഞു)

---

(അനന്തരം വ്യസനാകുലനായ യയാതിരാജാവു
പ്രവേശിക്കുന്നു)

രാജാവ്—(ആലോചന നടിച്ചുകൊണ്ട്)

കാമാദിയായ രിപുഷൾക്കമെവററിൽവെച്ച
സാമാന്യമഞ്ചിനെയുമാശു ജയിച്ചുകൊള്ളാം;
നാമാദിയാമരിയൊടിന്നെതിരിട്ടുമൂലം
നാമാവശേഷനിലയായിവരാനടുത്തു. ൨൭

ഒരുത്തനൊരുനാരിയിൽ പ്രണയമുത്ഭവിച്ചീടിലും
പൊരുത്തു വിഷമം മനസ്സുവളവങ്കലെത്തിക്കുവാൻ
കരുത്തിയലുമുൾപ്രിയം സമരുദിക്കുകിൽ ദുർഘടം
വരുത്തിടുമൊരീശ്വരൻ പെരിയ നിർദ്ദയൻ നിശ്ചയം.

കഷ്ടം! എന്റെ മനസ്സിനെ വശീകരിച്ചിട്ടുള്ള ആ വൃഷപർവ്വപുത്രിയുടെ കഥ ഇപ്പോൾ എന്തായിരിക്കും. ആ ദുർഭഗയായ ഭാർഗ്ഗവസുതയെ കിണററിൽനിന്നു കയററിയതാണ് എന്റെ അവിവേകം. അല്ലെങ്കിൽ ഈ വക വിചാരങ്ങൾക്കൊന്നും സംഗതിയുണ്ടായിരുന്നില്ല. മകളുടെ ഏഷണി കേട്ടിട്ടു ശുക്രമഹർഷി എന്തായിരിക്കും പ്രവർത്തിച്ചത്? എന്റെ പ്രാണപ്രിയയെ ശപിച്ചു ഭസ്മീകരിച്ചിരിക്കുമോ? വിവരങ്ങളറിവാൻ പ്രിയവയസ്യനായ ഗോമുഖനെ അയച്ചിരുന്നു. ആയാളും വന്നുകാണുന്നില്ലല്ലോ. ഈശ്വരാ! ഇനിയെന്താണു വേണ്ടത്?

(അനന്തരം ഗോമുഖനെന്ന വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ—തോഴക്കു മംഗളം ഭവിക്കട്ടെ.

രാജാവ്—അമംഗളം ഭവിച്ചിട്ടില്ലല്ലോ? പോയിട്ടുള്ള വർത്തമാനങ്ങൾ എന്തൊക്കെയാണ്? ഇരിക്കൂ.

വിദൂഷകൻ—(ഇരുന്നിട്ട്) തോഴരുടെ കാമവ്യാധി ശമനോന്മുഖമായ നിലയിൽ തന്നെയായി.

രാജാവ്—(സന്തോഷത്തോടെ) അവൾ ഈ അപരാധത്തിൽനിന്നു രക്ഷപ്പെട്ടുവോ?

വിദൂഷകൻ—അതല്ല. ആജീവനാന്തം ഋഷിവൃത്തിയുടെ ദാസ്യത്തെ സ്വീകരിക്കയാണുണ്ടായത്.

രാജാവ്—എന്നാലെത്ര കഷ്ടമായി. താൻ പിന്നെ എന്താണ് എന്റെ വ്യാധിമാറുമെന്നു പറഞ്ഞത്?

വിദൂഷകൻ—തോഴർ ബുദ്ധിമാനല്ലേ? അവൾ ഈ ജന്മം അസാദ്ധ്യനിലയിലായെന്ന് അറിഞ്ഞാൽ പിന്നെ അവളിൽ ആശ വെക്കുകയില്ലെന്നുവെച്ചു പറഞ്ഞതാണ്.

രാജാവ്—ഇങ്ങിനെ വിചാരിക്കുന്നുവോ?

അനക്കമില്ലാതനുരാഗശക്തിയാൽ
മനസ്സൊരേ വസ്തുവിലായുറക്കവേ
തനിച്ചതേ വസ്തു നശിച്ചുപോകിലോ
തനിക്കു മേലാൻ സുഖമേതുകാലമാം. ൧൦

വിദൂഷകൻ—ആ മാരണദേവത കിണററിൽപ്പെട്ടപ്പോഴെക്കു പിടിച്ചുകേററുവാൻ തോഴർ ഹാജരായല്ലൊ.

രാജാവ്—അതുനിമിത്തം തന്നെ പശ്ചാത്താപമുണ്ട്. ഞാൻ കാട്ടിൽക്കൂടി വരുന്ന വഴിക്കു നിലവിളികേട്ടപ്പോൾ വല്ല പിശാചുക്കളോ മററൊ ആണെന്നു സംശയിച്ചാണ് അടുത്തുചെന്നത്. പിന്നെ കയററാതെ

ഇരിക്കുന്നതു ധൎമ്മമല്ലല്ലൊ. കിണററിൽ വീണ സംഗതിയും മററും അവൾ പറഞ്ഞുകേട്ടപ്പോൾ തന്നെ ഇതു തകരാറായെന്നു തോന്നി. എന്നല്ല, അവൾ അപ്പോൾതന്നെ എന്റെകൂടെ വരണമെന്നു നിൎബ്ബന്ധിച്ചുവെങ്കിലും ഒരുവിധം പറഞ്ഞയച്ചു. ഇനിയും എന്തെല്ലാമാണ് ഉണ്ടായിത്തീരുന്നതാവോ?

വിദൂഷകൻ—ഞാൻ ഒരുപായം പറയാം.

രാജാവ്—കേൾക്കട്ടെ.

വിദൂഷകൻ—തോഴര് ആ ഋഷിപുത്രിയുടെ സ്നേഹിതനായിത്തീൎന്നിട്ടുണ്ടല്ലൊ. അന്തൎഗ്ഗതം അവളോടു പറഞ്ഞപേക്ഷിക്കുകതന്നെ. എന്നാലൊരുസമയം സമ്മതിക്കുമായിരിക്കണം. ദാസിയായാലും ഭൎത്തൃമതിയാവുന്നതിനു വിരോധമുണ്ടാവുമോ?

രാജാവ്—അവളുടെ ഭൎത്താവായിത്തന്നെ ഇരിക്കണമെന്ന് എന്നോട് ആവശ്യപ്പെടുകയാണെങ്കിലോ? പിരിഞ്ഞപ്പോഴത്തെ ഭാവരസവും മററും ഓൎത്താൽ അവളതിനും മടിക്കുന്നവളല്ല.

വിദൂഷകൻ—എന്നാൽ പിന്നെ വ്യസനിക്കേണ്ടതില്ല. രാജപുത്രിയുടെ സൌന്ദൎയ്യത്തേക്കാൾ ഋഷിപുത്രിക്കു യാതൊരു കുറവും ഇല്ല.

രാജാവ്—അങ്ങിനെ ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ,

വാമാംഗീമണികളിൽ വന്നിണങ്ങിടേണ്ടും
സാമാന്യം ഗുണഗണമോക്കിലെത്രയുണ്ടാം;
നാമാദ്യം സുഭഗത മാത്രമോക്കുമെന്നാൽ
ധീമാന്മാരതു ബലമായ് ഗണിക്കയില്ല. ൧൧

വിദൂഷകൻ—ആ വിഷയത്തിൽ ഞാനൊരു ഗുണംകൂടി കണ്ടിട്ടുണ്ട്.

രാജാവ്—അതെന്താണ്?

വിദൂഷകൻ—തോഷർ മുഷിയുമോ?

രാജാവ്—അങ്ങിനെയുണ്ടോ?

വിദൂഷകൻ—

അടിയിലൊട്ടുവിലൂറം രണ്ടു വറ്റിന്നുവേണ്ടി
ഝടിതിയൊരു കുടം നീരൊക്കെ മോന്തുംകണക്കേ
ഇടയിൽ നൃപകുമാരീദർശനം മാത്രമിച്ഛി-
ച്ചടനൃഷിസുതയാമദൃഷ്ടയെക്കെട്ടിയാലും. ൧൨

രാജാവ്—തനിക്കെല്ലാററിനും നേരംപോക്കേ ഉള്ളൂ.

കഞ്ചുകി—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും. ശുക്രമഹർഷിയുടെ ശിഷ്യന്മാരായ രണ്ടു ഋഷികൾ വന്നിട്ടുണ്ട്.

രാജാവ്—കൂട്ടിക്കൊണ്ടുവരിക.

കഞ്ചുകി—കല്പനപോലെ (പോയി)

വിദൂഷകൻ—കാര്യം പററിയോ?

രാജാവ്—എന്തെല്ലാമാണാവോ ദൈവം വരുത്തുന്നത്.

(ഋഷികളോടുകൂടി കഞ്ചുകി പ്രവേശിക്കുന്നു)

(രാജാവും വിദൂഷകനും എഴുനീല്ക്കുന്നു)

ഒന്നാമൻ—

ചിലപൊഴുതു പിതാവാകുന്നുവെന്നാൽ ചിലപ്പോൾ
പലതരമുപദേശം നൽകുമാചാര്യനത്രെ;
ചിലരുടെ സഖിയായും രക്ഷിതാവായുമെല്ലാ-
നിലയിലുമവനീശൻ മുറമിങ്ങാറ ബന്ധു. ൯൩

രണ്ടാമൻ—

ഘനമായ ഭാവമിഹ ദുഷ്ടരോടു, സ-
ജ്ജനമോടഴിഞ്ഞ നിലയീയവസ്ഥകൾ
ജനനാഥനൊത്തഭിനയിപ്പതോർത്തു മേ
മനമിന്നു സാധുജനവിനീതിസംയുതം. ൯൪

രാജാവ്—തപസ്വീശ്വരന്മാൎക്കു നമസ്കാരം.

ഋഷികൾ—മേൽക്കുമേൽ കല്യാണം വരട്ടെ.

രാജാവ്—ഭാർഗ്ഗവമഹർഷിക്കു കുശലമല്ലേ?

ഒന്നാമൻ—അതെ.

രണ്ടാമൻ—അങ്ങേക്കു് അവിടുത്തെ ചില സന്ദേശങ്ങളുണ്ടു്.

രാജാവ്—ഞാൻ അതിൽ സശ്രദ്ധനായിരിക്കുന്നു.

ഒന്നാമൻ—അവിടുത്തെ കല്പന ഇതാണ്:—

"ഈതിജാലമണയാതെ വമ്പെഴും
നീതിയോടയി ഭവാൻ പെരുത്തനാൾ
ഭൂതിചേൎന്നു ഭുവനം ഭരിക്കുവാൻ
ഭൂതിഭൂഷണനനുഗ്രഹിച്ചിടും. ൯൫

കൂപത്തിലകപ്പെട്ടിലമാനസ രാജപുത്രി
കോപത്തൊടെന്റെ മകളെ ബ്ബത! തള്ളിവിട്ടു;
താപത്തിലാണ്ടെഴുമവൾക്ക ഭവാനണഞ്ഞി-
ട്ടാപത്തു തീൎത്തതിന്നു നന്ദി പറഞ്ഞിടുന്നേൻ" ൪൩

രണ്ടാമൻ—ഇങ്ങിനെ കൂടി കല്പിക്കുന്നു.

"അന്യപൂരുഷർ തൊടാതെയുള്ളൊരെൻ
കന്യതന്റെ കരതാരിനെബ്ഭവാൻ
ധന്യശീല! പിടിപ്പെട്ടകാരണാ-
ലന്യഭാൎയ്യയിവളാകയില്ലിനി." ൪൪

മൂന്നാമൻ—ഇതു് അങ്ങേക്ക വലിയ അഭ്യുദയകാരണമായിത്തീരും. എന്തെന്നാൽ,

ഭുവി പുകൾപെട്ടമോരോ യാഗമൂലം സുരന്മാ-
രവികലമഖിലം നിൻപാട്ടിലായിട്ടിരിപ്പൂ;
കവിയുടെ മകൾ പിന്നെക്കാന്തയായ് കൂടിവന്നാൽ
സവിനയമസുരന്മാരൊക്കയും കാക്കലല്ലോ. ൪൫

രാജാവ്—(വിദൂഷകനോടു–സ്വകാൎയ്യം) എന്താണിതിനു മറുവടി പറയേണ്ടതു്?

വിദൂഷകൻ—(സ്വകാൎയ്യം) തകരാറൊന്നും പറയേണ്ട. പിന്നെ ഭാരമായിത്തീരും.

രാജാവ്—(ഋഷിമാരോടു്) ഞാനവിടുത്തെ കല്പനയെ നന്ദിപൂൎവ്വം സ്വീകരിക്കുന്നു. എന്നാൽ ഇതൊരു മംഗളകാൎയ്യമാകയാൽ പലരോടും ആലോചിക്കേണ്ടതും മ

റവമുണ്ട്. അതിനാൽ നാളെ ആശ്രമത്തിങ്കലേക്ക വിവരം അറിയിച്ചുകൊള്ളാം.

ഋഷികൾ—എന്നാൽ ഇതു തന്നെ ഞങ്ങളവിടെ ചെന്നു് അറിയിക്കാം. ഇപ്പോൾ പോകട്ടെ.

രാജാവ്—(തൊഴുതുകൊണ്ടു്) അങ്ങിനെയാവട്ടെ.

(രണ്ടാളും പോയി)

രാജാവ്—എന്റെ കഴുത്തു ഞാൻതന്നെ കുടുക്കി.

വിദൂഷകൻ—ഇതിൽനിന്നു തോഴരെങ്ങിനെയാണ് ഒഴിയുന്നത്? പാണിഗ്രഹണം മുൻപുതന്നെ കഴിച്ചുവെച്ചിട്ടുണ്ടല്ലോ.

രാജാവ്—അതൊന്നും സാരമില്ല. ഞാൻ ഈഭവിഷ്യത്തൊന്നും ആലോചിച്ചില്ലല്ലോ. എന്താണിനി വേണ്ടത്? ഇതെന്നാലസാദ്ധ്യം തന്നെയാണ്.

വിദൂഷകൻ—എന്നാൽ ആ താടിക്കാരൻ പലതും ദുർഘടങ്ങളുണ്ടാക്കിവെക്കും. അതിനാൽ ഈ വിവാഹം നടത്തുകതന്നെ. പിന്നെ മററുകാൎയ്യവും നിവൃത്തിയാക്കാം.

രാജാവ്—എന്റെ ആ വക ഭാരമൊക്കെ തന്റെ കൈക്കലാണ്. എന്തായിട്ടും എനിക്കിതിനു മനസ്സു വരുന്നില്ല.

(അണിയറയിൽ-വൈതാളികൻ)

എന്നും മാനമുപാശ്രയിച്ചുദിതനാമെന്നാൽ ബലാലസ്തമി-
ക്കുന്നുണ്ടുഷ്ണമരീചി നിത്യമുദയം തേടി ജ്വലിക്കും വിഭോ!

ഒന്നും തത്വസദൃശത്വമില്ലിവനഹോ സന്മാൎഗ്ഗമദ്ധ്യസ്ഥനായ്
വന്നും വൻകരമേറ്റിയാശു പൊടിപാറ്റീടുന്നു നാടൊക്കയും.

(രണ്ടാമൻ)

ഒന്നാമതിന്ദ്രദിശി വന്നു വളൎന്ന രാഗ-
മിന്നാകെ വിട്ടു രവി മേലെ വിളങ്ങിയാലും
ഇന്നാരുമായവനെ നോക്കുവതില്ല പാരി-
ലൊന്നായ് പ്രതാപിയുയരുന്നതസഹ്യമത്രേ. ൨൦

രാജാവ്—(കേട്ടിട്ട്) ഇതെന്റെ അവസ്ഥയെപ്പറ്റി പറഞ്ഞതായിരിക്കുമോ? ഞാനിങ്ങിനെ പ്രവൃത്തിക്കയില്ല നിശ്ചയംതന്നെ. ആദ്യമായ അനുരാഗം ഒരിക്കലും മറന്നുകളകയില്ല.

വിദൂഷകൻ—സാരമില്ല. മദ്ധ്യാഹ്നസ്തുതിയല്ലേ? ഊട്ടിൽ ഇലവെച്ചു. ഞാൻ പോകട്ടെ.

രാജാവ്—ഞാനും നിത്യകൎമ്മത്തിനായി പോകുന്നു.

(എല്ലാവരും പോയി)

(രണ്ടാമങ്കം കഴിഞ്ഞു)

## (മൂന്നാമങ്കം)

(അനന്തരം ചേടി പ്രവേശിക്കുന്നു)

ചേടി—വലിയതമ്പുരാട്ടി എന്നോട് ഇങ്ങിനെ കല്പിച്ചിട്ടുണ്ടു! "എടി! ചതുരികേ! നീ പോയി യയാതിരാജാവിന്റെ

രാജധാനിയിൽ ദാസ്യപ്രവൃത്തിയോടെ പാൎത്തുവരുന്ന എന്റെ മകൾ ശൎമ്മിഷ്ഠയെ ഗൂഢമായി കണ്ടിട്ട് അവളെ ഗാന്ധൎവ്വവിവാഹപ്രകാരം രാജാവു സ്വീകരിക്കയാൽ രാജാവിൽനിന്ന് അവൾക്കുണ്ടായ സന്താനങ്ങളുടെ സ്ഥിതിയും മററും ചോദിച്ചറിയുകയും ഈ ആപത്തു നീങ്ങുവാൻവേണ്ടി അവളുടെ അച്ഛൻ ഒരു യോഗീശ്വരന്റെ ഉപദേശപ്രകാരം സൽക്കൎമ്മങ്ങൾ ചെയ്യുന്നുണ്ടെന്നും മററും പറഞ്ഞു സമാധാനപ്പെടുത്തുകയും ചെയ്യുവരണം" എന്ന്. ഞാനാകട്ടെ; വളരെ പണിപ്പെട്ടിട്ടെങ്കിലും ഈ രാജധാനിക്കു സമീപം വന്നുചേരുകയും ചെയ്തു. ഇതിന്റെ അകത്തേക്കു കടന്നു ഗൂഢമായിട്ടു മടങ്ങിപ്പോരാൻ സാമൎത്ഥ്യവും തോന്നുന്നില്ല. ആകപ്പാടെ വിഷമമായിത്തീൎന്നു. (ചുററി നടന്നിട്ട്) ആരാണ് പരിചയമുള്ളപോലെ ഒരു സ്ത്രീ ഇങ്ങോട്ടു വരുന്നത്? (സൂക്ഷിച്ചുനോക്കീട്ട്) ഓഹോ! കുട്ടിത്തമ്പുരാട്ടിയുടെ തോഴി പ്രിയലേഖയല്ലേ? കഷ്ടം! ഇപ്പോഴത്തെ ഇവളുടെ നില ശോചനീയംതന്നെ.

ഏറും ജോലിയെടുത്തലഞ്ഞിവൾ മിഴ-
 ക്കൊട്ടും പിരട്ടായ്ക്കയാൽ
നാറും തൻമുടിയൊക്കെ നാലു പുറവും
 പാറിപ്പറിപ്പിച്ചഹോ
ചേറും മെയ്യിലണിഞ്ഞുകൊണ്ടു ചളിയായ്
 ജീൎണ്ണിച്ചിരിക്കും തുണി-
ക്കീറും ചുററിവരുന്നിതീനില നിരൂ
 പിച്ചാൽ മഹാസങ്കടം.

(പ്രിയലേഖ പ്രവേശിച്ചു ചതുരികയെക്കണ്ടിട്ട്)
കെട്ടിപ്പിടിച്ചു കരയുന്നു)

ചതുരിക—മകളേ! കരയരുത്. നൊമ്മളെ ഈ നിലയിലാക്കിയത് ഈശ്വരനല്ലേ? അവിടുന്നു വിചാരിച്ചാൽ ഇതിന്നൊരു മോചനവുമുണ്ടാവും. ഇങ്ങിനെ അനുഭവിപ്പാൻ തക്കവണ്ണം കല്പിച്ചുകൂട്ടീട്ടുള്ള പാപങ്ങളൊന്നും നൊമ്മൾ ചെയ്തിട്ടില്ലല്ലൊ. നിന്റെ വ്യസനം കണ്ടിട്ട് എന്റെ ഉള്ളിൽ തന്നെ ദുഃഖം അടക്കുവാൻ സാധിക്കുന്നില്ല. നിങ്ങളുടെ സ്ഥിതി അറിവാൻ വേണ്ടി വലിയതമ്പുരാട്ടി കല്പിച്ചിട്ടാണ് ഞാൻ ഇങ്ങോട്ടുപോന്നത്. അവിടേക്ക് ഒരുനേരവും സൈ്വരമില്ല. ഈ വിചാരംകൊണ്ടു വളരെ കഷ്ടത്തിലായിരിക്കുന്നു. നൊമ്മടെ കുട്ടിത്തമ്പുരാട്ടിയുടെ വൎത്തമാനങ്ങളെന്തെല്ലാമാണെന്നു ചോദിക്കുന്നതിഃനക്കാൾ ഊഹിക്കുകയായിരിക്കും ഭേദം. അല്ലേ? ഭൎത്താവിന്നെങ്കിലും കുറച്ചു സ്നേഹമുണ്ടോ?

പ്രിയലേഖ—അദ്ദേഹത്തിന്റെ ഉള്ളിൽ കലശലായിട്ടുണ്ട്. പേടികൊണ്ടു പുറത്തു വിടുന്നില്ലെന്നു മാത്രമേയുള്ളൂ.

ചതുരിക—ഈ സ്ഥിതിയെല്ലാം ആ അസത്ത് ദേവയാനി അറിയാതെ എങ്ങിനെ സൂക്ഷിച്ചുവരുന്നു?

പ്രിയലേഖ—തമ്പുരാന്റെ നൎമ്മസചിവനും വലിയ ബുദ്ധിമാനുമായ ഗോമുഖനെന്ന ആ ബ്രാഹ്മണന്റെ ഓരോ യുക്തികളെക്കൊണ്ട് അങ്ങിനെ കഴിഞ്ഞുവരുന്നു എന്നേ ഉള്ളൂ.

ചതുരിക—എത്ര പ്രസവിച്ചു?

പ്രിയലേഖ—ത്രിമൂൎത്തികളെപ്പോലെയുള്ള മൂന്നു പുത്രന്മാരെ മാത്രം.

ചതുരിക—എന്താണു് പേര്? എല്ലാവരും മിടുക്കന്മാരല്ലേ?

പ്രിയലേഖ—അതുപറയണോ? അവരിൽവെച്ചു്,

ചാരുവാമൊടുവിലെക്കുമാരകൻ
പൂരുവെന്നു തിരുനാമമുള്ളവൻ
പാരു മൂന്നുമൊരുമിച്ചു കീഴിൽവെ-
പ്പോരു ലക്ഷണഗുണം തികഞ്ഞവൻ:

എന്നുതന്നെയല്ല,

“ലോകാഭിരാമാകൃതി പൂരു ഭൂമീ-
ലോകാവനം ചെയ്തു യശസ്സിനോടേ
പാകാരിയെപ്പോലെ വിളങ്ങുമെന്നാ-
യാകാശവാക്യം ബത! കേട്ടിരുന്നു.” ൩

അത്രയുമല്ല,

“വാക്കിലുണ്ടു വലുതായ വൈഭവം,
നോക്കിലുണ്ടു ഘനമായ ഗൌരവം,
നോക്കിവങ്കലണയും വളച്ചു താൻ
നോക്കിനോക്കിയഴൽനീക്കി വാണിടാം. ൪

ജ്യേഷ്ഠന്മാരിൽ വലിയാൾക്കു ദ്രുഹ്യുവെന്നും, മററആൾക്കു് അനുദ്രുഹ്യുവെന്നുമാണു് പേരു്. അവരും നല്ല കുട്ടികൾ തന്നെയാണു്.

ചതുരിക— പ്രായമോ!

പ്രിയലേഖ—ഒമ്പതും, ഏഴും, അഞ്ചും

ചതുരിക—മറെറ മൂധേവിക്ക് എത്ര കുട്ടികളുണ്ട്?

പ്രിയലേഖ—രണ്ട്.

ചതുരിക—ഏതിലെകിടാങ്ങൾക്കാണ പ്രായമേറുക?

പ്രിയലേഖ—ഒന്നരമാസംകൊണ്ടു മററവളുടെ മൂത്തകുട്ടിക്ക് ഏറും.

ചതുരിക—തമ്പുരാട്ടിയെ അവൾ വല്ലാതെ വലച്ചുന്നുണ്ടായിരിക്കുമല്ലേ?

പ്രിയലേഖ—ആ കഥ വിചാരിപ്പാൻകൂടി വയ്യ; എത്രകഠിനശാസനകളാണ് ആ മഹാപാപി ചെയ്യുന്നത്?

വിടുപണികളെടുപ്പാൻ ഞങ്ങളോരായിരം ചെ-
ന്നിട്ടുകിലുമൊരുലേശം തൃപ്തിയില്ലായവൾക്കോ
ഉടുപുടവ വിഴുത്തിട്ടുള്ളതെന്നും നനച്ചി-
ട്ടിടുവതിനു കരാറായിട്ടു ശർമ്മിഷ്ഠ തന്നെ. ൫

ചതുരിക—ശിവ! ശിവ! കേട്ടതുമതി. ഇനി ഭർത്താവിൻെറ സ്ഥിതികൂടി അറിഞ്ഞാൽ പിന്നെ എന്തെല്ലാമാണാവോ?

പ്രിയലേഖ—അതു മറച്ചുതന്നെവെക്കാൻ ആര്യഗോമുഖനും ഞങ്ങളെല്ലാവരും നന്നെ കരുതുന്നുണ്ട്.

ചതുരിക—വ്യസനിക്കേണ്ടതില്ല. എന്തെന്നാൽ,

ധർമ്മജ്ഞനായ വൃഷപർവ്വനൃപൻ പെരുത്തു
കർമ്മങ്ങളീ മകളെയോർത്തു കഴിക്കയാലേ

ധർമ്മിഷ്ഠമാരിലതിമാന്യത ചേർന്നിരിക്കും
ശർമ്മിഷ്ഠദേവിയൊടുവിൽ സുഖമായിരിക്കും. ൩൭

പ്രിയലേഖ—ഇങ്ങിനെ സമാധാനപ്പെടുകയല്ലേ നിവൃത്തിയുള്ളു.

ചതുരിക—നീ എവിടേക്കാണു പുറപ്പെട്ടത്?

പ്രിയലേഖ—ആ ബ്രാഹ്മണനെക്കണ്ടു ചിലതാലോചിപ്പാൻ. ഇനി ഇപ്പോൾ പോകുന്നില്ല. നമ്മുടെ തമ്പുരാട്ടിയെ ചെന്നുകാണാം. ഇപ്പോൾ അവിടുന്നു പ്രവൃത്തിക്ക് എഴുന്നെള്ളിയ സമയമാണ്. അധികം വൈകാതെ മടങ്ങിയെത്തും. അതുവരെ വാസസ്ഥലത്തു പോയി വിശ്രമിക്കാം.

ചതുരിക—അങ്ങിനെതന്നെ.

(രണ്ടാളും പോയി)

(പൂർവ്വാംഗം കഴിഞ്ഞു)

(അനന്തരം രാജാവും ദേവയാനിയും ശർമ്മിഷ്ഠയും വിദൂഷകനും പ്രവേശിക്കുന്നു)

ദേവയാനി—

ഏറും പൂർവ്വവിരോധവും പഴകിയാ-
ലൊട്ടൊട്ടു പോയൊക്കയും
മാറും മാനസതാരിലെന്നതു മഹാ-
ഭോഷർക്കെഴും മട്ടുതാൻ;

നീറം വൈരമഹാനലൻ മനസി വ-
ന്നെന്നും ജ്വലിച്ചൂർദ്ധ്വമായ്
കേറുന്നുണ്ടൊരു കാലമിക്കലടയെ
കത്തിക്കരിച്ചീടുമേ. ൭

രാജാവ്—(വിചാരം) പന്തീരാണ്ടായിട്ടുകൂടി ഈ ഭദ്രകാളിയുടെ വാക്ക് ഇങ്ങിനെതന്നെ ധ്വനിക്കുന്നുവല്ലൊ.

ശർമ്മിഷ്ഠ—ഇങ്ങിനെ തിരുമനസ്സിൽ തോന്നുന്നതു സങ്കടമാണ്.

എന്നും തൃപ്പദദാസ്യം ചെയ്തു സവിധേ വാഴും പരാധീനയാ-
ണെന്നുള്ളോരനുകമ്പ ലേശമിവളിൽ കൂടാതെ കൂടും രുഷാ
അന്നുണ്ടായൊരനീതിയോർത്തിയിവിടുന്നാഹന്ത! കോപാന്ധയാ
യിന്നും ഹന്ത! വെറുപ്പു കാട്ടുകിലിവൾക്കാരാണൊരാലംബനം.

രാജാവ്—(വിചാരം) ഇതുകാണ്മാൻ സംഗതിയായല്ലൊ.

ക്ഷേമത്തിലിക്കുടിലമാനസ രാജ്ഞിയാലും,
പ്രേമപ്രകർഷനിധി മൽപ്രിയ ദാസിയാലും,
ഈമട്ടിലെന്നുമിതുമാതിരി കണ്ടിരിപ്പാ-
നീ മണ്ടയിൽക്കമലയോനി വരച്ചുവല്ലൊ. ൮

ദേവയാനി—ചേട്ടു! അന്നു കണ്ടൻകിണററിൽ മറിച്ചപ്പോൾ നിന്റെ ഈ വിനയം എവിടെയായിരുന്നു?

വിദൂഷകൻ—അന്ന് അച്ഛന്റെകൂടെ ചതുർവ്വിധ ഭോജനം കഴിച്ചു സുഖമായി ലാത്തുന്ന കാലമല്ലേ? അതിനാൽ മദം വർദ്ധിച്ചായിരിക്കും.

ദേവയാനി—(കോപത്തോടുകൂടി) എന്റെ ഇപ്പോഴത്തെ നിലെക്കുള്ള മദകാരണം ഇവൾക്കുണ്ടായിട്ടുണ്ടോ? അതിന്റെ ഫലം ഇതാണ്. (കഴുത്തിൽ പിടിച്ചു തള്ളുന്നു.)

(ശർമ്മിഷ്ഠ എഴുനീററു കരഞ്ഞുംകൊണ്ടു പിന്നേയും നില്ക്കുന്നു)

രാജാവ്—(വിദൂഷകനോടു സ്വകാൎയ്യം) ഇതിന്റെശേഷം ഞാൻ പ്രവൎത്തിക്കട്ടെ.

വിദൂഷകൻ—(സ്വകാൎയ്യം) വരട്ടെ; കാലമായാൽ ഞാൻ പറയാം.

രാജാവ്—(സ്വകാൎയ്യം) ഇങ്ങിനെ എത്രകാലം സഹിച്ചിരിക്കാം?

വിദൂഷകൻ—(സ്വകാൎയ്യം) ആ മഹൎഷിപ്പിശാചിനെ അറിയുമല്ലോ.

ദേവയാനി—ശർമ്മിഷ്ഠേ! എന്റെ കാലുഴിയുക.

(ശർമ്മിഷ്ഠ തലയും താഴ്ത്തി അപ്രകാരം ചെയ്യുന്നു)

വിദൂഷകൻ—ഇപ്പോൾ അല്പം ഇടകൊടുക്കുക. പിടിച്ചുതള്ളീട്ടുള്ള വേദന അല്പം മാറട്ടെ.

ദേവയാനി—തനിക്കാണല്ലോ വേദന? താനിവളുടെ സേവക്കാരനാണ്. എന്നോടിവളെപ്പററി മേലാൽ വല്ലതും സംസാരിച്ചാൽ ശേഷമുണ്ട്. ബ്രാഹ്മണനാണെന്നു പിന്നെയേ വിചാരിക്കുള്ളു.

വിദൂഷകൻ—ഇങ്ങിനെ കല്പനയാവരുതു. ഞാനായിട്ടു ഒ

രു സേവയുമില്ല.

ദേവയാനി—ആരായിട്ടും സേവയില്ലാതെ ഇവൾ രണ്ടു മൂന്നു പെററതെങ്ങിനെ?

വിദൂഷകൻ—അത് എന്റെ സ്നേഹിതനായ ഒരാളാണെന്നു മററംമുമ്പ് ഒരു ദിവസം ഉണൎത്തിച്ചിട്ടുണ്ടല്ലൊ.

ദേവയാനി—താൻതന്നെയാണ് ഇവൾക്കു യോജിപ്പ്. ഈ കോങ്കണ്ണും പരിമൂക്കും ഇവൾക്കു നല്ല യോജിപ്പാണ്.

വിദൂഷകൻ—ഞാൻ ഇത്ര ബീഭത്സനാണെന്നോ ഇവിടുന്നു മനസ്സിലാക്കിതയ്?

ദേവയാനി—അതല്ല, കാമദേവനെന്നാണ്. ഇവളുടെ ചെക്കന്മാരാരേപ്പോലെയാണാവോ? ശൎമ്മിഷ്ഠേ! നിന്റെ ചെക്കന്മാൎക്കു പ്രായം എത്രയായി?

ശൎമ്മിഷ്ഠ—നല്ല വിവരമില്ല. ഒട്ടുവിലത്തവന്നു നാലാണ്.

ദേവയാനി—ഓ! ഇവളുടെ ചെക്കന്മാരുടെ പ്രസംഗംവന്നപ്പോൾ എന്റെ ഉണ്ണികളെ ഓൎമ്മവന്നു. എനിക്കും ആൎയ്യപുത്രനും അവരെ കാണാതെ അരനിമിഷം ഇരിക്കാൻ വയ്യ. ശൎമ്മിഷ്ഠേ! ഉണ്ണികളെ ഇങ്ങോട്ടുകൊണ്ടുവാ.

ശൎമ്മിഷ്ഠ—കല്പനപോലെ (പോയി)

രാജാവ്—ഇത്രകാലം ചെന്നിട്ടും ഭവതി അന്നെത്തെ സംഗതിക്ക് ഇവളിൽ ശഠിക്കുന്നുവല്ലൊ. ഇങ്ങിനെയായാൽ, കഠിനഹൃദയയെന്നു ദുഷ്കീൎത്തിയുണ്ടായിത്തീരും.

ദേവയാനി—മതി മതി. അങ്ങ് പലപ്പോഴും ഇവളുടെ ഭാ

ഗംഭീരയാവണ്ട്. ഇവൾക്കാണെങ്കിൽ പുരുഷന്മാരെ വശീകരിക്കാൻ ബഹുസാമർത്ഥ്യവുമുണ്ട്. ഇപ്പോൾ എന്റെ നിഷ്കർഷകൊണ്ടല്ലേ മോടിയും പത്രാസ്സും ഒക്കെ ഒന്നു ചുരുക്കിയത്.

രാജാവ്—ഞാനൊരു വിടനാണെന്നാണോ ഭവതി മനസ്സിലാക്കിയത്?

ദേവയാനി—ആൎയ്യപുത്രൻ പണ്ടേ ഇവളിൽ അനുരക്തനാണെന്നു ഞാൻ കേട്ടിട്ടുണ്ട്.

രാജാവ്—അതു വെറുതെ നാട്ടുകാരുണ്ടാക്കിത്തീൎത്തതാണ്. അങ്ങിനെയാണെങ്കിൽത്തന്നെ ഭവതിയുടെ ദാസിയായതിൽപിന്നെ സംശയത്തിന്നവകാശമുണ്ടോ?

വിദൂഷകൻ—തോഴര് ഈ പറഞ്ഞതു ശരിയാണ്.

തടിക്കു താരുണ്യമവൾക്കുദിക്കിലും
പിടിക്കുമോ ദാസിയെ മാനമുള്ളവൻ?
കുടിക്കുമോ കാലു നനച്ച നീരു താ-
നടിച്ചിട്ടും ചൂലു തലെക്കുവെക്കുമോ? ൨൦

(അണിയറയിൽ)

അമ്മയും അച്ഛനും ഇവിടെയുണ്ടോ?

ദേവയാനി—ഉണ്ണികൾ വന്നുതുടങ്ങി.

(ശൎമ്മിഷ്ഠ തുൎവ്വസുവിനെ എടുത്തും യദുവിനെ കൈക്കു പിടിച്ചും പ്രവേശിക്കുന്നു)

ദേവയാനി—(യദുവിനോട്)ഉണ്ണി! അച്ഛനെ നമസ്കരിക്കു.

യദു—എനിക്കിപ്പോൾ കഴിയില്ല

ദേവയാനി—(ത്തുവ്വശ്രുവിനോട്) ഉണ്ണി അച്ഛനെക്കണ്ടാൽ നമസ്കരിക്കണം.

ത്തുവ്വശ്രു—ഞാൻ ഇന്ന് അമ്പലത്തിൽചെന്നു നമസ്കരിച്ചു. ഈശ്വരനെയല്ലാതെ ആരേയും നമസ്കരിക്കില്ല.

ദേവയാനി—അച്ഛനും ഈശ്വരനെപ്പോലെയാണ്.

ത്തുവ്വശ്രു—എന്നാൽ അച്ഛനെന്താണു മിണ്ടുന്നത്? ഈശ്വരൻ മിണ്ടില്ലല്ലോ.

ദേവയാനി—നിങ്ങൾ ഇങ്ങിനെ തക്കിച്ചാൽ വിനയമില്ലാത്തവരാണെന്ന് ഈ ബ്രാഹ്മണൻ നാട്ടിലൊക്കെപ്പരത്തും.

വിദൂഷകൻ—(വിചാരം) ബ്രാഹ്മണൻ പരത്തുന്നതിലാണ് ദോഷം. ജനനാൽതന്നെ മൂന്നക്ഷരവും മുറക്കവും പൂജ്യമാണ്.

(ദേവയാനി പണിപ്പെട്ടു രണ്ടാളേയും നമസ്കരിപ്പിക്കുന്നു)

രാജാവ്—ദീർഘായുസ്സുകളാകട്ടെ (അനുഗ്രഹിക്കുന്നു) (വിചാരം) ഇവരെന്റെ മക്കൾതന്നെയാണെങ്കിലും മററ ഉണ്ണികളെപ്പോലെ തോന്നുന്നില്ല.

ദേവയാനി—

എത്രയും പ്രണയമേറിട്ടന്നൊരി-
പ്പുത്രരെത്തിയരികത്തു നിൽക്കവെ
ചിത്രമങ്ങു മടിയിൽക്കരേറിടാ-
ത്തത്ര വാഴ്വതിനെന്തു കാരണം? ൧൫

രാജാവ്—(വിചാരം) പ്രണയാധിക്യമുള്ളവരുടെ കഥ ഓ

മ്മ വന്നിട്ടതന്നെ· (പ്രകാശം) ഉണ്ണികളോട്ട ക്ഷണി ച്ചിട്ടുവേണോ? പറയാതെ വരുമോ എന്ന പരീക്ഷി ക്കുകതന്നെയാണുണ്ടായത്. (രണ്ടാളേയും പിടിച്ച മ ടിയിലിരുത്തുന്നു)

യദു—അച്ഛ! ശർമ്മിഷ്ഠ ഇന്നെന്നെ നുള്ളി.

തുർവ്വസു—ഇല്ല. അച്ഛ! അച്ഛനെ കാണുമ്പോളൊക്കയും ശ ർമ്മിഷ്ഠയെക്കൊണ്ടു കുററം പറയാൻ ഏട്ടന് അമ്മ പ ഞ്ഞുകൊടുക്കാറുണ്ട്.

ദേവയാനി—അതുവ്വോ? നിണക്ക ഇഷ്ടം പറവാൻ നല്ലവ ണ്ണം അറിയാം. ശർമ്മിഷ്ഠയുടെ ഉപദേശപ്രകാരമായി രിക്കും. അച്ഛനെക്കാണുമ്പോൾ കുറെ അധികമാണ്.

ജാതാനുകമ്പമിഹ രാപ്പകൽ ബുദ്ധിമുട്ടി
മാതാവു മക്കളെ ഹിതേന വളർത്തിയാലും
ഏതാനുമില്ലവളിലിഷ്ടമവൎക്ക ചിത്തേ
താതാന്തികേ പറയുമേഷണിയീഷലെന്യേ. ൧൨

രാജാവ്—ഇത് ഏഷണിയാകയില്ല.

ദേവയാനി—(കോപത്തോടെ) എന്നാലവളെയെടുത്തു ത ലയിൽ വെച്ചോളു. ഞാൻ അവളെ ദ്രോഹിക്കാതെ രിക്കയില്ല. അതിന്ന് അവളുടെ ദുഷ്ടത്വം തന്നെയാണ ല്ലൊ ഉത്തരവാദി.

രാജാവ്—(വിചാരം)

ഉള്ളംപ്രതാപവുമിവന്നിവളാശയത്തിൽ
തള്ളുന്ന ഗർവ്വമൊടിവണ്ണമുരെക്കമൂലം

പൊള്ളുന്നിതെൻ മനമിതിന്റെ കഴുത്തറുത്തു
കൊള്ളുന്നതിന്നുമകതാരിലധൈൎയ്യമില്ല. ൫൩

കട്ടതരം പൃദി കോപരസം പുറ-
പ്പെട്ടവതൊക്കെയടക്കുകയാണു ഞാൻ
പട്ടതയില്ലിനിയിങ്ങിനെ നിത്തുവാ-
നൊട്ടുവിലിക്കഥയൊക്കെ വെളിപ്പെടും. ൫൪

ഇപ്പോഴും അടക്കുകതന്നെ. (പ്രകാശം) ഞാനൊന്നും ഉണ്ടാ യിട്ടു പറഞ്ഞതല്ല. അതു വിചാരിച്ചു ലഹളകൂട്ടേണ്ട.

ദേവയാനി—എന്താണ് ഉണ്ണികളോടും നീരസമായോ? അ വരോടൊന്നും മിണ്ടുന്നില്ല.

വിദൂഷകൻ—വല്ല രാജ്യകാൎയ്യാലോചനയും ഉണ്ടായിരിക്കും. എവിടെയെങ്കിലും സദ്യയുടെ കഥകേട്ടാൽ പിന്നെ അടുക്കെ വന്നുവിളിച്ചാൽകൂടി ഞാനറികയില്ല.

രാജാവ്—നീരസമോ?

ഇതു ചൊല്ലരുതെന്റെ വല്ലഭേ! ന-
ല്ലതു നാമേറിയകാലമാചരിച്ചു;
അതുമൂലമുദിച്ചു പുത്രരാലേ
പുതുമെക്കുള്ളവകാശിഞാനുമല്ലേ? ൫൫

ദേവയാനി—ശൎമ്മിഷ്ഠേ! നിന്റെ ചെക്കന്മാരെ ഇങ്ങിനെ എടുത്തു ലാളിപ്പാനാരെങ്കിലുമുണ്ടോ?

ശൎമ്മിഷ്ഠ—അവരുടെ അച്ഛൻ വരുമ്പോഴൊക്കെ എടുക്കുകയും മാറും ചെയ്യാറുണ്ട്.

ദേവയാനി—അവരുടെ അച്ഛൻ നല്ല അച്ഛൻതന്നെ.

അന്നന്നു കണ്ടവരുമായണയുന്ന ധൂളി-
തന്നന്ദനന്റെ കഥ നന്നു; വനുള്ള താതൻ
ഇന്നാളതെന്നവനു നിശ്ചയമില്ല; ചോദി-
ക്കുന്നാകിലമ്മയുമഹോ പറവാൻ ഞെരുങ്ങും. ൧൬

രാജാവ്—(വിചാരം) സതീശിരോമണിയെ ഇങ്ങിനെ ദുഷി
ക്കുന്നുവല്ലോ.

ദേവയാനി—ശർമ്മിഷ്ഠേ! ചെക്കന്മാരെ ഒരുദിവസം എനിക്കു
കാട്ടിത്തരാഞ്ഞതെന്തേ?

ശർമ്മിഷ്ഠ—തിരുമനസ്സിലേക്കു കാണാനും മാത്രം കൊള്ളരു
ത്. ഒരുകൂട്ടം വിരൂപന്മാരാണ്.

ദേവയാനി—എങ്കിലും പറയുക. വലിയ ചെക്കന്റെ സ
മ്പ്രദായമെന്താണ്?

ശർമ്മിഷ്ഠ—(വിചാരം) എന്താണ് ഗതി? ഇങ്ങിനെ പറക
തന്നെ (പ്രകാശം)

മൂത്ത കുട്ടി മുഴുവൻ കറുത്തവൻ
ചീർത്തയാണു മുഖമെന്നു വാസ്തവം
ഒത്തപോൽ വികൃതിയാമവസ്ഥ വി-
ട്ടിത്തരം നിലയിലാണിരിപ്പവൻ. ൧൭

ദേവയാനി—കാക്ക ഗരുഡനെ പ്പെറുമോ? മറ്റവനോ?

ശർമ്മിഷ്ഠ—

നടുവിലെശ്ശിശു കാണുകിൽ നല്ലവൻ
പടുവതല്ല നിനയ്ക്കുകിൽ നിർഗ്ഗുണൻ

കെട്ടുതിയേറിന നാരികൾ പെററ വി-
ട്ടിട്ടുവതിങ്ങിനെ, യെന്തിതിലത്ഭുതം.? ൧൮

ദേവയാനി—ശരിതന്നെ. ഒട്ടുവിലത്തെതോ?
ശർമ്മിഷ്ഠ—

ചൊറി ചിരങ്ങു പിടിച്ചു പടച്ചെഴും
ചെറിയനെന്നു ധരിക്കുക സത്യമായ്
അറിക വഴ്ച്ചിനിയോക്കുകിലെത്രയെൻ
ചെറിയ കുട്ടി സമർത്ഥനതായ്വരും. ൧൯

ദേവയാനി—ശീലത്തിനൊത്ത കോലം. നിന്റെ അവസ്ഥ ക്കുള്ള മക്കളായി.

വിദൂഷകൻ—(രാജാവിനോടു സ്വകാര്യം) ദേവി കുമാരന്മാരുടെ വർണ്ണന ചെയ്യുതൊക്കെ ദ്വയാർത്ഥമായിട്ടാണ്.

ദുർവ്വസു—അമ്മേ! എനിക്കു ദാക്കഞ്ഞിയും പലഹാരവും കാലമായില്ലേ? വല്ലാതെ വിശക്കുന്നു.

ദേവയാനി—എന്തു വിശപ്പാണിത്? ഇപ്പോൾ കഴിഞ്ഞു പോന്നതല്ലേ ഉള്ളു?

രാജാവ്—അവരാവശ്യപ്പെട്ടപ്പോഴൊക്കെ കൊടുക്കരുതേ?

ദേവയാനി—എന്നാൽ ഞാൻ പോയി ഇവരുടെ ശാഠ്യം മാററട്ടെ.

രാജാവ്—ഞാനും ഉദ്യാനവിഹാരവും മററം കഴിക്കട്ടെ.

ദേവയാനി—ശർമ്മിഷ്ഠേ! ഉണ്ണിയെ എടുക്ക്.

(യദുവിന്റെ കൈ പിടിച്ചുംകൊണ്ടു ദേവയാനിയും ദുർവ്വസുവിനെ എടുത്തുകൊണ്ടു ശർമ്മിഷ്ഠയും പോയി.)

വിദൂഷകൻ—കാൎയ്യം അമാന്തമാവുമെന്നു തോന്നുന്നുവല്ലോ. കുമാരന്മാരെ കണ്ടുപോയാൽ രാജ്ഞിക്കു കാൎയ്യം മനസ്സിലാകും. അവരെ കാണേണമെന്നു നിൎബ്ബന്ധിച്ചുംതുടങ്ങി.

രാജാവ്—എന്താണിനി മാൎഗ്ഗം?

വിദൂഷകൻ—വല്ലതും ആലോചിക്കാം. (നാലുപുറവും നോക്കീട്ട്) ശൎമ്മിഷ്ഠാദേവി പ്രവൃത്തി കഴിഞ്ഞു സങ്കേതസ്ഥലത്തെത്തേണ്ട സമയമായി. നേരം അസ്തമിക്കാൻ ഏതാണ്ടടുത്തു.

രാജാവ്—(നോക്കീട്ട്) ശരിതന്നെ.

തരണികിരണമെല്ലാം താമ്രമായൊന്നു മങ്ങീ;
സരസമിഹ സമീരൻ മന്ദനായ് വന്നിറങ്ങീ;
വിരവിൽ മലർമണത്താൽ വണ്ടിനം ചേൎന്നിറങ്ങീ;
സ്മരനമരിയ തൂണീരത്തെ നോക്കിത്തുടങ്ങീ. ൨൦

അതിനാൽ പ്രിയതമ വരുന്നതിനു മുൻപായി നമുക്കവിടെ എത്തിക്കളയാം. പോവുക തന്നെ.

(രണ്ടാളും പോയി)

മൂന്നാമങ്കം കഴിഞ്ഞു.

## നാലാമങ്കം

(അനന്തരം ഒരു ഋഷികുമാരൻ പ്രവേശിക്കുന്നു)

ഋഷികുമാരൻ (പുറം നോക്കീട്ട്) നേരം പ്രഭാതമായിത്തുട

ങ്ങി എന്നു തോന്നുന്നു. ഇതാ,

ആദിത്യന്നുദയം വരാൻ ദ്വിജകുല-
ത്തെക്കൊണ്ടു വീണ്ടും മനം
ഖേദിച്ചബ്ജിനി കേമമായ് മുജപം
ചെയ്യിപ്പതിൻസംഖ്യയെ
ആദിക്കഞ്ജലി ചേർത്തിരുന്ന കരപ-
ത്മത്താലെയെണ്ണംവിധം
സാധിക്കാതിതളാകുമംഗുലികളോ-
രോന്നായ് വിടർത്തുന്നിതാ. ൧

(മുമ്പിലേക്കുനോക്കീട്ട്) ആരാണൊരാളിങ്ങോട്ടു വരുന്നത്.

(ദർഭക്കെട്ടെടുത്തുകൊണ്ടു വേറെ ഒരു
ഋഷികുമാരൻ പ്രവേശിക്കുന്നു)

ഒന്നാമൻ—ആരാണത്? ബാദരായണനോ? എന്തേ ഇന്നലെ വരാഞ്ഞത്?

രണ്ടാമൻ—ഇന്നലെ ദർഭ ശേഖരിച്ചു കഴിഞ്ഞപ്പോഴേക്കും നേരം അസമയമായി. പിന്നെ ആ നദീതീരത്തുള്ള ജീർണ്ണാശ്രമത്തിൽ കിടന്നു. ആശ്രമത്തിൽ വിശേഷമൊന്നുമില്ലല്ലൊ.

ഒന്നാമൻ—അവിടെ എല്ലാം വിശേഷം തന്നെയായിരുന്നു. ഇന്നലെ താനുണ്ടായില്ലല്ലൊ. ഞങ്ങൾക്കെല്ലാവൎക്കും നല്ല നേരംപോക്കായിരുന്നു.

രണ്ടാമൻ—എന്തേ? വിസ്തരിച്ചുപറയൂ.

ഒന്നാമൻ—ഇന്നലെ ദേവയാനി വെളിച്ചപ്പെട്ടുംകൊണ്ടു

ഗുരുനാഥനെക്കാണ്മാൻ വരികയുണ്ടായി.

രണ്ടാമൻ—സംഗതിയെന്ത്?

ഒന്നാമൻ—ഭർത്താവു ദാസിയായ ശർമ്മിഷ്ഠയിൽ വ്യഭിചരിച്ചു.

രണ്ടാമൻ—അതു വ്യഭിചാരവും മററുമല്ല. ആയാൾ അവളെ ഭാര്യാത്വേന സ്വീകരിച്ചിട്ടുണ്ട്. എന്നുതന്നെയല്ല, രാജാവിനു ശർമ്മിഷ്ഠയിൽ സന്താനങ്ങളുമുണ്ടായിട്ടുണ്ടെന്നും ഞാനറിയും. ആ കഥകളൊക്കെ നന്നെ ഗുപ്തമായിരുന്നുവല്ലോ. എങ്ങിനെ വെളിച്ചത്തായിപ്പോയി?

ഒന്നാമൻ—ശർമ്മിഷ്ഠയുടെ കുട്ടികളെ ദേവയാനി പലപ്പോഴും കാണ്മാനാവശ്യപ്പെട്ടിട്ടും ഒഴികഴിവു പറഞ്ഞ് അതിനു സംഗതി വരുത്തിയിരുന്നില്ല. അങ്ങിനെ ഒരു ദിവസം ദേവയാനിയുടെ വിശ്വസ്തയായ ഒരു ദാസി സംഗതിവശാൽ അവരെ കാണുകയും ആ കുട്ടികളൊക്കെ തമ്പുരാനെപ്പോലെയിരിക്കുന്നുവെന്നും മററും അവളോട് ഏഷണിപറകയും ചെയ്തു. അതു പരിശോധിപ്പാനായി ഒരു ദിവസം രാജസന്നിധിയിൽ വെച്ച് അവരെ വരുത്തി.

രണ്ടാമൻ—എന്നാൽ പൊതിപൊളിഞ്ഞു. പിന്നെ?

ഒന്നാമൻ—

മൂർത്തിത്രയത്തോടു ശരിക്കു ശരിപ്പെടുന്ന
മൂർത്തിപ്രഭാവമിയലുന്നവർ മൂന്നുപേരും
കീർത്തിപ്പുകിട്ടെഴുമൊരാൾക്കളവായതാമെ-
ന്നോർത്തിട്ടവൾക്കു പെരുതായൊരസൂയതോന്നി. ൨

രണ്ടാമൻ—എന്നിട്ട്?

ഒന്നാമൻ—അവൾക്ക് അന്തസ്താപം കലശലായി.

"തെണ്ടിയെന്റെ വഴിയേ നടക്കുമീ-
ച്ചുണ്ടിതൻ ചെറിയൊരീക്കിടാങ്ങളിൽ
കണ്ടുപോരുമഴകിൻ ശതാംശമെൻ
രണ്ടുമക്കളിലുമില്ല കഷ്ടമേ!" ൩൧

ഇങ്ങിനെ പലതും വിചാരിച്ച കോപാക്രാന്തയായിരീന്നു.

രണ്ടാമൻ—നേരമ്പോക്കുണ്ട്. പറയൂ. പറയൂ.

ഒന്നാമൻ—പിന്നെ ആ കുട്ടികളോട് "എടാ ചെക്കന്മാരേ! നിങ്ങൾ നിങ്ങളുടെ അച്ഛനെ കണ്ടിട്ടുണ്ടോ"? എന്നു ചോദിച്ചതിന്ന്, അവർ "ഞങ്ങൾ ചെക്കന്മാരല്ലെന്നു പറഞ്ഞു." അപ്പോഴേക്ക നോക്കേണ്ട, കലശലായിത്തീർന്നു. "ചെക്കന്മാരല്ലേ പിന്നെ മഹാരാജാക്കന്മാരോനിങ്ങൾ? അധികപ്രസംഗം പറയേണ്ട. നിങ്ങളുടെ അച്ഛൻ ആരാണ്? അതു പറയുവിൻ" എന്നു പിന്നേയും തിരക്കിയപ്പോൾ അവരിങ്ങിനെയാണ് പറഞ്ഞത്.

"തേജസ്സു വിദ്യ വിനയം സുജനങ്ങൾ വാഴ്ത്തു-
മോജസ്സുദാരത തുടങ്ങിയ സൽഗുണത്താൽ
രാജൽപ്രഭാവനിധി ഞങ്ങടെ താതനിന്നു
രാജതപമാർന്നവനിയിങ്കൽ വിളങ്ങിടുന്നു" ൩൨

രണ്ടാമൻ—നേരു പറയരുതെന്നു മുമ്പുതന്നെ അവരെ ഏ

ല്പിച്ചിട്ടുണ്ടായിരിക്കും.

ഒന്നാമൻ— അതുകൊണ്ടൊന്നും കാൎയ്യം പററിയില്ല. അവൾ പിന്നേയും ചോദിച്ചു.

"ഇടയില്ല നിങ്ങളുടെ തള്ള നല്ലൊരാൾ-
ക്കടമപ്പടിക്കൊരു കളത്രമാകുവാൻ,
ഇടയിൽ പരം വ്യഭിചരിച്ചൊരാ മഹാ-
വിടനെതൊരുത്തനതു ചൊല്ലിയാൽ മതി." ൪

അവൾക്കും ദ്വേഷ്യം വന്നു കാൎയ്യം ഇങ്ങിനെ വെളിച്ചത്താക്കി.

"ന്യായമെന്തിതിനു തന്റെ കാന്തന-
ന്യായമായ ചിലതാചരിക്കിലും
ആയതാക്ഷികളിവണ്ണമുള്ളവാ-
ക്കായവന്നു വെളിവായ് കഥിക്കമോ?" ൫

അതു കേട്ടു കോപിച്ചു ദേവയാനി രാജാവിനോട് "ഇവർ പറഞ്ഞതിന്റെ അൎത്ഥം എന്താണെ"ന്നു ചോദിച്ചപ്പോൾ "പ്രിയതമെ! ക്ഷമിക്കണം. എനിക്കിങ്ങിനെ ഒരബദ്ധം പാറിപ്പോയിട്ടുണ്ട്" എന്നും മററും പറഞ്ഞു രാജാവു കാക്കൽവീണു. അപ്പോൾ അവളാട്ടെ,

"ന്യായക്കേടൊന്നു കണ്ടാലുലകു മുഴുവനും
നിൎദ്ദയം ഭസ്മമാക്കാ-
നായത്യന്തം തപശ്ശക്തിയൊടെഴുമസുരാ-
ചാൎയ്യവീൎയ്യം മറന്നും
മായത്തോടീ മഹാപാതകിയിൽ മുഴുകിയും
വാഴുമങ്ങേക്കു വേണ്ടും
പ്രായശ്ചിത്തത്തിനുള്ളാരവസരമിതുതാ-
നോക്കിൽ മേറെക്കില്ല". ൬

എന്നും പറഞ്ഞു നടന്നു. രാജാവു വഴിയെക്കൂടി വളരെപ്പറഞ്ഞിട്ടും ഫലമുണ്ടായില്ല.

രണ്ടാമൻ—പിന്നെ ഗുരുനാഥനോടുവന്നു സങ്കടം പറഞ്ഞുവല്ലേ? എന്നാൽ മുൻകോപിയായ മൂപ്പരും വല്ല കഠിനവും ചെയ്തിട്ടുണ്ടായിരിക്കും.

ഒന്നാമൻ—ആ നില വിട്ടുതുടങ്ങി. മൂപ്പർക്കുതന്നെ ഈ അസൂയക്കക്ഷിയുടെ ശീലം ബോധിക്കുന്നില്ല.

രണ്ടാമൻ—അതെന്തേ?

ഒന്നാമൻ—ശർമ്മിഷ്ഠയെ ശപിച്ചു ഭസ്മമാക്കണമെന്നും മററും വളരെ അപേക്ഷിച്ചതെല്ലാം കേട്ടു ഗുരുനാഥൻ ഒടുവിൽ ഇങ്ങിനെ പറഞ്ഞു.

"ഇതിലെടോ വൃഷപർവ്വജ ചെയ്തു വൻ-
ചതികളില്ല നിനക്കുകിൽ നിന്നുടെ
പതിയിലുള്ളൊരു യൌവനശക്തിയാ-
ണതിനു വേണ്ടുകിൽ ഹാനി വരുത്തിടാം." വൃ

അപ്പോൾ ദേവയാനി; "അതു മതി. എന്നാൽപിന്നെ ഭർത്താവിന്ന് അവളുടെ മേലുള്ള ഭ്രമത്തിന്നു ഭേദമുണ്ടാകുമല്ലൊ." എന്നുപറഞ്ഞു. അപ്പൊൾ ഗുരുനാഥൻ:—

"സുരാംഗനകൾ കൂപ്പുമെൻമകളെമാത്രമല്ലുത്തമൻ
സുരാരിഗുരുവാകുമെന്നെയുമശേഷമോർക്കാതഹോ
പരാംഗനയിലാഗ്രഹിച്ചൊരു യയാതിഭൂപന്നെനി-
ജ്ജരാനര വരട്ടെയെന്നുടെ തപോബലത്താലുടൻ." നൃ

എന്നു ശാപവും കൊടുത്തു് അവളെ പറഞ്ഞയച്ചു.

രണ്ടാമൻ—ശിക്ഷ! ഇങ്ങിനെയെല്ലാമായോ? എനിക്കിതൊന്നും കാണ്മാൻ സാധിച്ചില്ലല്ലൊ.

ഒന്നാമൻ—തന്റെ നല്ല കാലംകൊണ്ടു് അവൾ തിരികെ വന്നിട്ടുണ്ടു്. വേഗം പൊയ്ക്കോളു. എനിക്കവളുടെ കരച്ചിലും തൊഴിച്ചിലും കണ്ടുനിന്നാൽ ഹോമശാലയിലേക്കു് ഉദകകുംഭം എത്തിക്കാൻ വൈകുമെന്നു വിചാരിച്ചു പോന്നതാണു്.

രണ്ടാമൻ—എന്നാൽ ഞാൻ നടക്കട്ടെ.

ഒന്നാമൻ—എന്റെ ഉദ്യോഗത്തിന്നു ഞാനും ശ്രമിക്കട്ടെ.

രണ്ടാളും (പോയി)

ഇങ്ങിനെ പൂർവ്വാംഗം

അനന്തരം ശുക്രമഹർഷിയും തലതാഴ്ത്തിയിരുന്നുംകൊണ്ടു ദേവയാനിയും പ്രവേശിക്കുന്നു)

ശുക്രൻ—മകളെ! കാര്യംപറയാതെ പിന്നേയും കരയുന്നതെന്താണു്?

(ദേവയാനി തേങ്ങി തേങ്ങിക്കരയുന്നു)

ശുക്രൻ—ഇതുകൊണ്ടു ഫലമില്ല. ഉത്തരം കിട്ടിയാലല്ലാതെ ഒന്നിന്നും നിവൃത്തിയില്ലല്ലൊ.

ദേവയാനി—

തക്കത്തിലങ്ങിനെ വരുന്ന മനോഗതങ്ങ-
ളൊക്കത്തെരുന്ന ജനകാദിജനത്തിനുള്ളിൽ

ചിക്കന്നൊരികലെനകമ്പയൊഴിഞ്ഞിരുന്നാൽ
മക്കൾക്കു മറെറാരവലംബനമെന്നതുണ്ടോ? ൫൦

ശുക്രൻ—

എന്തയേ! തവ മനോഗതങ്ങളെ-
ച്ചിന്തചെയ്തു നിറവേററിയില്ല ഞാൻ
ഹന്ത! നീയിതുവിധത്തിലോതിയെ-
ന്നന്തരംഗമതിഖിന്നമാക്കൊലാ. ൫൧

ദേവയാനി—

പുറമേ പറയുമ്പൊളേതുമേ
കുറവില്ലേ കൃപയെന്നു തോന്നിടും
തിരനീക്കി മനസ്സശേഷവും
തിരയുന്നാലതു തീരെ നിർദ്ദയം. ൫൨

ശുക്രൻ—ഇതെന്തന്യായം? ഞാൻ നിന്നെ സ്നേഹിച്ചപോന്ന കഥകളെ ലേശവുമോക്കാതെ ഇങ്ങിനെ പറയുന്നവല്ലോ. പണ്ടു രാജപുത്രി നിന്നെ ദ്രോഹിച്ചതിന്നു പ്രത്യേകകാരണം നീതന്നെയാണെങ്കിലും നിന്നിലുള്ള സ്നേഹംനിമിത്തം രാജാവിനോടു ഞാൻ കഠിനമായി കയൎക്കുകയും തന്നിമിത്തം അവളേയും മററം ജന്മവർഷം നിന്റെ കീഴിലാക്കിത്തരികയും ചെയ്തു നിന്നിൽ കേവലം വിരക്തനായിരുന്ന യയാതിരാജാവു നിന്നെ പട്ടമഹിഷിയാക്കിവെച്ചതും നിന്റെ സാമർത്ഥ്യംകൊണ്ടാണെന്നു വിചാരിക്കുന്നുവോ? നിന

ക്ക് അപ്രീതി ജനിക്കയാൽ ആയാൾക്കു കഠിനശിക്ഷ ഏല്പിച്ചിട്ട് ഇപ്പോൾ സമയം അധികമായില്ല. അതെങ്കിലും ഓൎക്കുന്നില്ലല്ലൊ.

ദേവയാനി—

പലകാലവുമിഷ്ടമോടു താൻ
ചില കാൎയ്യം ഗുണമാക്കിയെങ്കിലും
നിലവിട്ടൊരനിഷ്ടമേകിയാൽ
ഫലമുണ്ടോ? ബത മാറതൊന്നിനും. ൧൩

എനിക്കു ഒടുക്കത്തെ അനുഗ്രഹംതന്നെയാണ് ഉപദ്രവമായിതീൎന്നത്.

ശുക്രൻ—(വിചാരം) അതു ഞാനാദ്യംതന്നെ വിചാരിച്ചിട്ടുണ്ട് (പ്രകാശം) അതെന്തേ?

ദേവയാനി—ഞാൻ അങ്ങോട്ടെത്തിയപ്പോഴേക്കു ഭൎത്താവിന്റെ കാൎയ്യം പരുങ്ങലായിരിക്കുന്നു.

ശുക്രൻ—എന്റെ അടുക്കലേക്കാണു നീ പോന്നതെന്നു വിചാരിച്ചു ആയാൾ ഭയപ്പെട്ടു വിറച്ചിരിക്കും അല്ലേ?

ദേവയാനി—അത്രമാത്രമായതുകൊണ്ടു വൈഷമ്യമില്ലായിരുന്നുവല്ലൊ. ഇപ്പോൾ ഒരു തന്തക്കിഴവനായിതീൎന്നു.

ശുക്രൻ—ആ! ഹാ! ഇപ്പോഴത്തെ മാതിരി എന്തെല്ലാമാണ്?

ദേവയാനി—

മേലൊട്ടുക്കും മെലിഞ്ഞെല്ലുകൾ വരിവരിയായ്
പൊന്തിയേററം മുളിഞ്ഞ-
ത്തോലൊന്നായ് വന്നുകൂടീട്ടവിടവിടെ വെറും
സഞ്ചിയായ് തൂങ്ങിനില്പു;

കാലോരോന്നസ്ഥിമാത്രം കരവുമത്തുവിധം
കണ്ണു കാണില്ലതെല്ലാ-
മാലോചിച്ചാലമാന്തം; കന്നവനെയധുധാ
കഷ്ടമേ കാങ്കവയ്യേ. ൰൪

ഇതുമാത്രമല്ല,

കേൾക്കന്നില്ലൊരു വസ്തുവും ചെവികളിൽ-
പ്പല്ലൊന്നുമില്ലാതെയാ-
മൂക്കും താടിയുമൊത്തുകൂടി മുടിതൊ-
ട്ടാപാദമെല്ലാടവും
നോക്കുമ്പോളൊരു രോമവും കറുകറെ-
ക്കാണുന്നതില്ലാകവേ
വാക്കും ഹാ! വഷളായ്‌വലഞ്ഞിതധുനാ
വല്ലാതെയെൻവല്ലഭൻ. ൰൫

ശുക്രൻ—ഇതിന്നു ഹേതു നീ തന്നെയല്ലേ?
പതി മറ്റൊരു നാരിയായ് മുദാ
രതിചെയ്യുന്നതറിഞ്ഞുവെങ്കിലും
അതിനാലിതുപോലെ ദുർഘടം
സതിമാരായവരാചരിക്കുമോ? ൰൬

ദേവയാനി—അതിനിപ്പറഞ്ഞിട്ടെന്താണ്? ഭർത്താവവളിൽ വ്യഭിചരിച്ചതുമാത്രമാകുന്നെങ്കിൽ എനിക്കിങ്ങിനെ ദ്വേഷ്യം വരില്ലായിരുന്നു. അവളുടെ കുട്ടികളുടെ തേജസ്സു കണ്ടിട്ടാണ് സഹിക്കാൻ വയ്യാതായത്.

ശുക്രൻ—അതുതന്നെയാണ് ദുർബ്ബുദ്ധിയുടെ ലക്ഷണം.

പരന്മാക്കിണങ്ങും ഗുണം കണ്ടുവെന്നാൽ
പരം തുഷ്ടരാകുന്നു ശിഷ്ടാശയന്മാർ
അരം തൽഗുണത്തെദ്ദുഷിപ്പാനൊരുങ്ങും
നരന്മാൎക്കു നിത്യം ഫലം ദുഃഖമല്ലോ. ൫൭

ദേവയാനി—ഇനി അച്ഛൻ എന്നെ ശകാരിച്ചിട്ടു ഫലമെന്താണ്?

സപത്നേ വിവേകം കുറവായവൎക്കു-
മിതേവിധം ഘോര വിപത്തണഞ്ഞാൽ
അതേറെ നന്മയ്ക്കൊരു പാഠമാകു-
മിതേവനും സമ്മതമായ തത്വം. ൫൮

അതിനാൽ ഈ സങ്കടത്തിൽനിന്നുകൂടി രക്ഷിച്ചുതരണം. ഭൎത്താവു പണ്ടത്തെ നിലയിലായാൽമതി.

ശുക്രൻ—നിന്റെ അഭ്യുദയത്തിൽ ഞാനെന്നും ഉദ്യുക്തനായിരുന്നു. അതുനിമിത്തം നിന്റെ ദുഷ്പ്രവൃത്തിമൂലം വരുന്ന ആപത്തുകളിൽനിന്നു തന്നെ ഇതുവരെ ഞാൻ രക്ഷിച്ചുംപോന്നു. ഇനിയും ഇങ്ങിനെ ബുദ്ധിമുട്ടിക്കരുത്. എന്തെന്നാൽ,

പാപകാരണമൊരാളിലീവിധം
ശാപവാക്കു ചിലവാക്കിയെങ്കിലോ
താപസന്റെ നിയമത്തിനേററവും
ലോപമായതുളവാകുമോൎക്കണം. ൫൯

എല്ലാ യോഗ്യതയും തികഞ്ഞൊരു മഹാ-
രാജാവിനായ്ക്കൊണ്ടു ഞാ-
നുല്ലാസേന കൊടുത്തിതെന്റെ മകളെ-
ക്കാമത്തിനൊക്കും വിധം;
ഇല്ലാ ഭാരമശേഷവും നിയമിയാ-
മിയ്യാൾക്കിനിപ്പാക്കില-
ങ്ങെല്ലാം നിന്നുടെ ഭാഗ്യതുല്യഫലമാ-
മല്ലാതെയെന്തോതുവാൻ. ൧൦

ഇതു പ്രത്യേകം ഓൎമ്മവെക്കേണ്ടതാണ്.
അപത്യദാരാദിപരിഗ്രഹത്തിനാൽ
വിപത്തുരിച്ചുള്ളതു തെല്ലു തീരുവാൻ
തപസ്സിനായ്ത്തന്നെ മുതിൎന്നിടുന്നു ഞാ-
നുപദ്രവിച്ചീടരുതാരുമിന്നിമേൽ. ൧൧

ദേവയാനി—(കരഞ്ഞുംകൊണ്ട്) ഇങ്ങിനെ അച്ഛൻ തീൎച്ച പ്പെടുത്തിയാൽ പിന്നെ ഞാൻ ജീവിച്ചിരുന്നിട്ട് എന്താണ് ഫലം? (കാക്കൽവീഴുന്നു)

ശുക്രൻ—മകളേ! ശപിച്ചതു മടക്കിയെടുപ്പാൻ നിവൃത്തിയില്ലല്ലൊ.

ദേവയാനി—ശാപമോക്ഷം മതി.

ശുക്രൻ—(ആലോചിച്ചിട്ട്) ഇദ്ദേഹം ഭൎത്താവിന്റെ വാൎദ്ധക്യത്തെ മക്കളാരെങ്കിലും കൈക്കൊള്ളട്ടെ. വിഷയസൌഖ്യം മതിയായിട്ടു ദേഹം തിരിയെ വാങ്ങുമ്പോൾ ആ പുത്രന്നു മുൻപേത്തെ പ്രായം തന്നെ സിദ്ധിക്കുക

യും ചെയ്യും.

ഹിതമൊടു ജനകൻതാനേറെ നാൾ നേടിവെക്കും
മുതലുകൾ മകനുണ്ടെന്നാകിൽ മററാക്കുമുണ്ടോ?
അതുവിധമവരിൽത്തന്നച്ഛനാൽ വന്നൊരാപ-
ത്തുമനുഭവമാകും മററു മാൎഗ്ഗങ്ങളില്ലാ. ൨൨

ദേവയാനി—എന്നാൽ മതി, ആവിധമാക്കിക്കൊള്ളാം. ഇപ്പോൾ പോകട്ടെ.

ശുക്രൻ—അങ്ങിനെതന്നെ. ഞാനും സ്നാനത്തിന്നുപോകുന്നു.

(രണ്ടുപേരും പോയി)

നാലാമങ്കം കഴിഞ്ഞു.

## അഞ്ചാമങ്കം

(പ്രധാന മന്ത്രി പ്രവേശിക്കുന്നു)

മന്ത്രി—ചൊവ്വില്ലായ്മ അധികമാണെന്നു കേൾക്കുന്നു. നാട്ടുകാരുടെ ആവലാധി വൎദ്ധിച്ചുവരുന്നു. തിരുമേനിയെ ഒന്നുകണ്ടാൽ തന്നെ പല സങ്കടക്കാൎക്കും തൃപ്തിയുണ്ട്. ആസ്ഥാനമണ്ഡപത്തിലേക്കു എഴുന്നുള്ളാൻ ഏതായാലും സാധിക്കയില്ല നിശ്ചയമാണ്. ഇന്നു പള്ളിയറയുടെ പുറത്തു ഒരുവിധം എഴുന്നെള്ളിയിരിക്കാമെന്നു ഇന്നലെ കല്പനയായിട്ടുണ്ട്. ശേഷമുള്ളവർ തന്നെമുഖം കാണിച്ചിട്ട് എത്ര ദിവസമായി? ഇപ്പോൾ അവിടുത്തെ സ്ഥിതിയൊന്നും അറിയു

ന്നില്ല. ആരെ കണ്ടിട്ടാണ് വൎത്തമാനം അന്വേഷി ക്കേണ്ടത്? രാജ്യഭരണകാൎയ്യം മുഴുവനും നിൎവഹിക്കേ ണ്ടതാകയാൽ ഞാൻതന്നെ കുഴങ്ങേണ്ടതായിവരുന്നു.

കൊട്ടാരത്തിനു ചെല്ലണം കുടികൾതൻ
തൎക്കങ്ങൾ തീൎത്തീടണം
നാട്ടാചാരമുറയ്ക്കു വേണ്ടതഖിലം
നിത്യം നിരൂപിക്കണം;
കിട്ടാനും ചിലവിന്നുമുള്ള തുകയും
തൻകൂട്ടിയോൎമ്മിക്കണം
മുട്ടാതീവകയെത്രയാണിവനഹോ
ഭാരം ഭരിച്ചീടുവാൻ.

എന്തൊക്കെച്ചെയ്യുമതലയുണ്ട്. എന്നിട്ടും ഫലമില്ലതാനും.

നാട്ടിൽഗ്ഗുണം വരണമെന്നതുമാത്രമാശി-
ച്ചിട്ടിജ്ജനം വലയുമെങ്കിലുമില്ലകാൎയ്യം
ഒട്ടും മനം തെളികയില്ല ജനത്തിനിഷ്ടം
തട്ടുമ്പൊഴും മനസി തൃപ്തി നൃപങ്കലത്രെ. ൨

അതു ക്ഷാത്രതേജസ്സിന്റെ മഹിമതന്നെ.

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു)

മന്ത്രി—ഭവാമികൾക്കു സ്വാഗതം. കാണേണമെന്ന് ആ ഗ്രഹിച്ചിരുന്നു. കണ്ടതു നന്നായി.

വിദൂഷകൻ—അങ്ങേ കാണേണമെന്നുള്ള ഉദ്ദേശത്തിന്മേ ലാണ് ഞാനും പുറപ്പെട്ടത്.

മന്ത്രി—ചൊവ്വല്ലായ്മ എങ്ങിനെയിരിക്കുന്നു? പുറത്തേക്ക് എഴുന്നള്ളുവാൻ സാധിക്കുമോ?

വിദൂഷകൻ—ദീനത്തിന്ന് എന്തു ഭേദമാണ്? എന്നാലും മന്ത്രിമാരുടേയും മററും ആവശ്യം അറിയിക്കയാൽ ഇപ്പോൾ പുറത്തിറങ്ങി ഇരിക്കുന്നുണ്ട്. പരിജനങ്ങൾ താങ്ങീട്ടാണ്. ക്ഷീണം നന്നേയുണ്ട്.

മന്ത്രി—തമ്പുരാൻെറ ജരാനര ഉഴിഞ്ഞുവാങ്ങുവാൻ കുമാരന്മാരാരോടെങ്കിലും ആവശ്യപ്പെട്ടുവോ?

വിദൂഷകൻ—ആ കേസ്സുതന്നെയായിരുന്നു ഇതുവരെ. ആ അസുരത്തിൻെറ മക്കൾ രണ്ടും അനുവദിച്ചില്ല.

മന്ത്രി—അവരുടെ മറുപടി എന്താണ്.

വിദൂഷകൻ—

"ജരാമയം മക്കളിലിഷ്ടമേറ-
ന്നൊരാളെടുത്തീടണമൊട്ടു ചെന്നാൽ
നിരാമയം ഞാനതു വീണ്ടെടുക്കാം
ധരാതലത്തെയുമവന്നു നൽകാം. ൩

എന്നിങ്ങിനെ അച്ഛൻ തന്നെ തീർച്ചപ്പെടുത്തീട്ടുണ്ട്. നീ എന്നേയും അച്ഛനേയും വിചാരിച്ചിട്ട് ഇത് അനുവദിക്കേണ"മെന്നും മററും ദേവയാനി യദുവിനോടു വളരെ അപേക്ഷിച്ചു. ഇതാണ് ആയാളുടെ മറുപടി:—

അസാരൻതാനെന്നാകിലുമൊരുവനിൽ ദൈവമൊരുനാൾ
പ്രസാദിച്ചാലുണ്ടാം പ്രഥിതധനധാന്യാദിവിഭവം;
അസാദ്ധ്യം ചിന്തിച്ചാലഴകൊഴുകുമാകാരമിതെനി-
ക്കസാധുത്വം സിദ്ധിച്ചിടുകിലുമൊഴിക്കാൻ വിഷമമാം.

എന്നുതന്നെയല്ലാ,

"മക്കൾ നരച്ചു കുരച്ചൊരു
മുക്കവലംബിച്ചിരിക്കയായെന്നാൽ

അക്കഥ കാണും ജനകനു
ഹൃൽക്കദനംവിട്ടു സൗഖ്യമായ് വരുമോ?"

മന്ത്രി—ആയാൾക്ക് അമ്മപ്പാരമ്പര്യമാണെന്നു വെച്ചാൽമതി. രണ്ടാംമകന്റേതോ?

വിദൂഷകൻ—ആയാളുടെത് എളുപ്പത്തിൽക്കഴിഞ്ഞു.

"ജ്യേഷ്ഠനാണു യുവരാജഭാവവും
ശ്രേഷ്ഠമാം ജനപദാധികാരവും
ഇഷ്ടമില്ലവിടെയിന്നതെങ്കിലും
ശിഷ്ടമുള്ളവരതാഗ്രഹിച്ചിടാം." ൩൭

മന്ത്രി—പ്രായത്തിന്റെ അവസ്ഥയല്ലെ ദുർന്യായം പഠിച്ചിട്ടുള്ളത്. ഇനിയെന്താണ് ആലോചന?

വിദൂഷകൻ—ശർമ്മിഷ്ഠാപുത്രന്മാരെ വരുത്താൻവേണ്ടി രാജാവു തന്നെ ആളെ അയച്ചിട്ടുണ്ട്.

മന്ത്രി—അവർ കാര്യവും പറ്റിക്കും.

വിദൂഷകൻ—അതിലും ഒന്നും രണ്ടും നമ്പ്രകൾ തള്ളിയാലും മൂന്നാമൻ ഇതിനാളാകും.

മന്ത്രി—അങ്ങ് എങ്ങോട്ടാണ് പുറപ്പെട്ടത്?

വിദൂഷകൻ—മഹാരാജാവിന്റെ വിവരം താങ്കളെ ധരിപ്പിക്കാൻതന്നെ. ഇനി പോവുകയല്ലെ?

മന്ത്രി—അതെ.

(രണ്ടാളും പോയി)

ഇങ്ങിനെ പൂർവ്വാംഗം

(അനന്തരം പൂർവ്വോക്തവേഷനായ രാജാവും, അരികെ പ

രിജനവും, ദേവയാനിയും, ശർമ്മിഷ്ഠയും, വിദൂഷകനും, മന്ത്രിയും, ഭൃത്യരും, അനുഭൃത്യരും പ്രവേശിക്കുന്നു)

ശർമ്മിഷ്ഠ—പ്രിയപുത്രന്മാരേ!

ക്ഷോണിക്കെല്ലാമധീശൻ ജനകനിത മഹാ-
വ്യാധിയാലാധിയേന്തി
ക്ഷീണിച്ചേററം വലഞ്ഞീനിലയിൽ മരുവിട്ടു-
ന്നുണ്ടഹോ കണ്ടതില്ലേ?
കാണിപ്പിൻ നിങ്ങളാരെങ്കിലുമൊരു കനിവു-
ല്ലാതെ യിജ്ജീവനോടേ
വാണിട്ടെന്താണു കാൎയ്യം ഗുരുജനദുരിതം
കാണുവാൻ ത്രാണിയുണ്ടോ? ൧

മന്ത്രി—കുമാരന്മാരെല്ലാവരും ഇതിൽ മടികാണിച്ചാൽ രാജ്യത്തിൽ ഉടനെ വലിയ കലക്കങ്ങളുണ്ടാകും. എന്തെന്നാൽ,

ദീനത്താലാത്തനാണീ നൃപനിഹ പറയാ-
മാത്മജന്മാരിലാൎക്കും
സ്ഥാനപ്രാപ്തിക്കു ചേതന്നൊരു പടുത പെട്ടും
പ്രായമായിട്ടുമില്ല;
ഊനതം കാത്തുനിൽക്കും ചിലരവനിവര-
ന്മാരിലുണ്ടേവമായാൽ
മാനക്കേടായിയെന്നും വരുമറിയണമീ
രാജവംശത്തിനെല്ലാം. ൨

മേലിൽ സൎവ്വാധികാരസിദ്ധിക്കു കാരണമായ ഇതിൽ മടി

ക്കാനെന്താണുള്ളത്?

ദ്രുഹ്യു—

ഉണ്ടായ്‌വന്നിതു രണ്ടു താവഴിയിലായ്
സന്താനമെന്താതനീ-
രണ്ടാംതാവഴിയിൽപ്പിറന്നൊരടിമ-
ക്കാരാകുമിക്കൂട്ടരിൽ
ഉണ്ടാമോ ബത രാജ്യവും പദവിയും
തിങ്ങും രുഷാ ഞങ്ങളെ-
ത്തെണ്ടാൻവിട്ടവരേററിടട്ടെയഖിലം
വല്യമ്മയും മക്കളും. ൯

അതിനാൽ അച്ഛൻെറ തിരുമനസ്സുണ്ടായിരുന്നാൽ മതി. ഞാനൊന്നിന്നും ആളല്ല.

ദേവയാനി—എനിക്കിനി എൻെറ മക്കളെ പ്രത്യേകമൊന്നുമില്ല; അവരെ ഞാൻ ഉപേക്ഷിച്ചുകഴിഞ്ഞു. എന്നാൽ,

മാലുണ്ടായ് ഞാൻനിമിത്തം പ്രിയനതു കളവാ-
നിന്നു തൻമക്കളോരെ-
ന്നാലും ബാദ്ധ്യസ്ഥരായാൽ മമ ഹിതമതിലും
മീതെ മററൊന്നുമില്ല;
മേലിൽ ശർമ്മിഷ്ഠ ശർമ്മത്തൊടു മരുവിട്ടമെ-
ന്നല്ല, മന്നൻെറശേഷം
പാലിപ്പാനും ജഗത്തജ്ജനകഹിതകരൻ
നന്ദനൻതന്നെയാകും. ൧൦

ശർമ്മിഷ്ഠ—(അനുഗ്രഹ്യവോട്) ജ്യേഷ്ഠൻെറ ഗുരുത്വമില്ലായ്മ

അവൻ കാണിച്ചു നിശ്ചയിച്ചു വിചാരിക്കുന്നു?
(അനുഗ്രാഹ്യ കണ്ണുകൊണ്ടു കാണിക്കുന്നു)

ശൎമ്മിഷ്ഠ—നിങ്ങളുടെ രസികത്വവും ഫലിതവും എന്റെ മേലിൽ കാണേണ്ടുന്ന ആവശ്യമില്ല, എന്റെ മുമ്പിൽനിന്നു വല്ലവഴിക്കും പൊയ്ക്കൊൾവിൻ.

(ഗ്രാഹ്യവും അനുഗ്രാഹ്യവും പോയി)

ശൎമ്മിഷ്ഠ—

ഗുരുത്വമില്ലാത്തൊരു മകളെപ്പെ-
റ്റൊരുത്തി ഞാനോൎക്കിലെത്ര പാപി
മരിക്കയൊഴിഞ്ഞീ വക ദുഷ്ടരെക്ക-
ണ്ടിരിക്കുവാനില്ല മനസ്സശേഷം. ൧൧

(അണിയറയിൽ)

എന്താണമ്മേ! എന്നെ വിളിക്കാതെ പോന്നിട്ട് ഇപ്പോൾ ജ്യേഷ്ഠന്മാരുടെ നേരെ വക്കാണിക്കുന്നത്?

മന്ത്രി—മനസ്സു തണുപ്പിക്കുന്നതായൊരു ശബ്ദം കേൾക്കുന്നുവല്ലൊ.

പൂരു—(പ്രവേശിച്ചു രാജാവിന്റെ കാല്ക്കൽ നമസ്കരിച്ചുംകൊണ്ട്)

അടിയിലണയുമിപ്പൂരാഗപൂരം
മുടിയിൽ മുദാ വിലസണമെന്നുമെന്നും,
അടിയനു മനതാരിലേവമെന്ന്യ
കൊടിയൊരു വാഞ്ഛിതമില്ല തെല്ലുപോലും. ൧൨

(രാജാവു പണിപ്പെട്ട് അനുഗ്രഹിക്കുന്നു)

മന്ത്രി—(വിചാരം) സോമവംശത്തിങ്കലെ കീൎത്തി ശോഭിച്ചു

തന്നെയിരിക്കുന്നു.

ശർമ്മിഷ്ഠ—(വിചാരം) ഈശ്വരാ! ഇവനെങ്കിലും ഉചിതബുദ്ധിയായിവരണേ.

ദേവയാനി—(വിചാരം) ഇവൻ അഭീഷ്ടം സാധിപ്പിക്കുമെന്നുതന്നെ തോന്നുന്നു. എന്നല്ല, ഇവനെ കാണുകയാൽ ഇതുവരെ ഇവന്റെ അമ്മയെ ദ്രോഹിച്ചുപോന്ന എന്റെ മനസ്സിൽ പശ്ചാത്താപം കൂടി തോന്നുന്നു.

ശർമ്മിഷ്ഠ—(പൂരുവോട്) വലിയമ്മയെക്കണ്ടില്ലേ?

പൂരു—(ദേവയാനിയോട്)

എന്തനിഷ്ടമവിടേക്കു നിർമ്മല-
സ്വാന്തയാം ജനനിയിൽ ഭവിക്കിലും
ചിന്തചെയ്യരുതതോർത്തിനിമേൽ
ശാന്തകോപമഖിലം ക്ഷമിക്കണം. ൧൩

ദേവയാനി—കഴിഞ്ഞകഥ വിചാരിച്ച് ഉണ്ണിക്കു സുഖക്കേടു തോന്നരുത്. ഇനി നിന്റെ അമ്മയും ഞാനും ഭേദമില്ല. (പൂരുവെ പിടിച്ചു മടിയിലിരുത്തുന്നു)

രാജാവ്—(ദീനസ്വരത്തിൽ) രാജവിൻ! വീഴുവാൻ പോകുന്നു. (പരിജനം താങ്ങുന്നു)

മന്ത്രി—ക്ഷീണം നന്നെയുണ്ട്. പള്ളിയറയിലേക്കു എഴുന്നള്ളട്ടെ.

(പരിജനം രാജാവിനെ താങ്ങികൊണ്ടു പോയി)

ദേവയാനി—കുറച്ചുനേരം ഇരുന്നാൽ അപ്പോൾ കിടക്കണം. ഇടക്കു മോഹാലസ്യവും ഉണ്ട്. അച്ഛനെ കണ്ടില്ലേ? ഉണ്ണിതന്നെ രക്ഷിക്കണം. ജ്യേഷ്ഠന്മാരാരും ഇതിന്നുണ്ടായില്ല.

പൂരു—ജ്യേഷ്ഠന്മാർ എന്റെ പേരിൽ ദയയുള്ളവരാണ്. എ
ന്തെന്നാൽ,—

മനസി ഹിതമെഴുംവിധം സഹായം
ജനകനു ചെയ്യണമെങ്കിലസ്സുതന്റെ
ജനനമതു കൃതാർത്ഥമാമതിന്നി-
ജ്ജനമിതുനാളവകാശിയായിവന്നു. ൧൪

എന്നെ മുമ്പെതന്നെ വിളിക്കാഞ്ഞിട്ടല്ലെ? അല്ലെങ്കിൽ മ
റ്റാരോടും ചോദ്യത്തിന്നു അവകാശം തന്നെ ഉണ്ടായിരു
ന്നില്ലല്ലോ.

ശർമ്മിഷ്ഠ—ഉണ്ണി വയസ്സുകൊണ്ട് എല്ലാവരുടേയും താഴെ
യല്ലേ? ജ്യേഷ്ഠന്മാരാരെങ്കിലും തന്നെയാവട്ടെ എന്നു
വെച്ചിട്ടാണ്.

വിദൂഷകൻ—പിന്നെയെല്ലാംകൊണ്ടും ഇദ്ദേഹം ജ്യേഷ്ഠന്മാ
രുടെ മീതെതന്നെയാണ്.

ദേവയാനി—ഇനി ഉണ്ണിതന്നെയാണ് ഞങ്ങൾക്കും അച്ഛ
ന്റെ ശേഷം രാജ്യത്തിന്നും ആശ്രയമായിട്ടുള്ളത്.

പൂരു—രാജ്യഭ്രമവും മററും എനിക്കില്ല. ഇപ്പോൾ അച്ഛ
ന്റെ ദീനം മാറികണ്ടാൽ മതിയെന്നേ ആഗ്രഹമുള്ളു.
ഇനി ഈ നിലയിൽ ബുദ്ധിമുട്ടിക്കുന്നില്ല. ദീനം ഇ
പ്പോൾ മാററിക്കളയാം. (എണീററുപോയി.)

(അണിയറയിൽ)

ശ്രീവാർന്നോരിക്കുമാരൻ കരമതിലരിയും
പൂവുമമ്പോടെടുത്തി-
ട്ടാവാഹിക്കുന്നു ഭക്ത്യാ നൃപതിയുടെ വപു
സ്സിന്നിതാ മൂന്നുവട്ടം

സേവിച്ചാനായതദ്ധ്യോ ശിവശിവ! ജരവൃ-
ണ്ടാത്തനായത്ര വീണാൻ;
ഭൂവിന്നീശൻ പ്രസന്നാകൃതിയൊടുമെഴുനേ-
ല്ക്കുന്നു മുന്നേക്കണ്ടൊക്കെ. ൭൫

മന്ത്രി—(കേട്ടിട്ട്) ദുഃഖസുഖങ്ങൾ ഒരുമിച്ചുണ്ടാകുന്നു.
(പിന്നേയും അണിയറയിൽ) ഇതിലെ എഴുന്നെള്ളാം.

മന്ത്രി—ഇങ്ങോട്ടെഴുന്നള്ളിത്തുടങ്ങി.

(എല്ലാവരും എഴുനീററു നില്ക്കുന്നു)
(അനന്തരം പ്രകൃതരൂപനായ രാജാവു പ്രവേശിക്കുന്നു)

മന്ത്രി—(വിദൂഷകനോട്)

നിഗ്രഹത്തിനുമനുഗ്രഹത്തിനും
വ്യഗ്രരായ്പരികയില്ല വേണ്ടുകിൽ;
ഉഗ്രരാമൃഷികളെന്നതിങ്കലീ
വിഗ്രഹം വലിയ സാക്ഷിയാണഹോ. ൭൬

(എല്ലാവരും ആചാരോപചാരം ചെയ്ത് ഇരിക്കുന്നു)

ദേവയാനി—ആര്യപുത്രനെ ഈ നിലയിൽ ഇനി കാണുമെന്നു വിചാരിച്ചിരുന്നില്ല.

വിദൂഷകൻ—അതു ശരിയാണ്. തോഴക്കു പണ്ടേത്തെക്കാളും പ്രഭ കൂടീട്ടുണ്ട്.

രാജാവ്—ഇതിനാലെനിക്കു ലേശവും സന്തോഷമില്ല.

കളരുചികലരും നൽച്ചന്ദനത്തയ്യു വെട്ടി-
ക്കളവതുചിതമാണോ കാഞ്ഞിരം കാത്തുനിർത്താൻ?
വളരെയനുചിതം താനുണ്ണിയെജ്ജീർണ്ണനാക്കീ-
ട്ടിളയിലിവനിവണ്ണം ഭോഗഭാക്കായതോർത്താൽ. ൭൭

മന്ത്രി—ഇങ്ങിനെ തിരുമനസ്സുകൊണ്ട് ഇപ്പോൾ തീൎച്ചപ്പെടുത്തുന്നതാണെങ്കിൽ പ്രജകൾ കഷ്ടപ്പെട്ടുപോവുമല്ലൊ.

രാജാവ്—അതു വിചാരിച്ചിട്ടാണ് ഞാനും സമ്മതിച്ചത്. അവനെ ഈ നിലയിലാക്കുവാൻ ഒട്ടും മനസ്സുണ്ടായിട്ടല്ല. അതിനാൽ,

എട്ടുക്കം, സംസാരക്കൊതിയിതവസാനിച്ചു മതിയാ-
യൊട്ടുക്കം മൽപ്പുത്രൻ പരമനുഭവിച്ചുള്ള നില ഞാൻ;
മിട്ടുക്കൻതാൻപിന്നെബ്ഭുവനതലഭോക്താവുമതിനാൽ
തിട്ടുക്കം തീൎന്നീടും നിജഹൃദി ജനങ്ങൾക്കു സകലം. ൧൨

ഇപ്പോൾതന്നെ മന്ത്രി ഇങ്ങിനെ പ്രസിദ്ധപ്പെടുത്തണം. "എന്റെ അഞ്ചാമത്തെപുത്രനൊഴികെ മററു നാലുപേൎക്കും എന്റെ രാജ്യത്തിന്നോ ധനത്തിന്നോ യാതൊന്നിനും അവകാശമില്ല" എന്ന്. എല്ലാ ജനങ്ങളും അറിയട്ടെ.

മന്ത്രി—കല്പനപ്രകാരം പ്രവൃത്തിക്കാം. (പോയി)

രാജാവ്—(വിദൂഷകനോട്) പോയി വിശ്രമിക്കാം.

(വിദൂഷകൻപോയി)

രാജാവ്—(ദേവയാനിയോട്)ഭവതി ഇനി ശൎമ്മിഷ്ഠയെ ഏതു നിലയിൽ വിചാരിക്കും?

ദേവയാനി—എനിക്ക് ഇവിടെ രണ്ടുവാക്കു പറയേണ്ടതുണ്ട്. അതു നിങ്ങൾ രണ്ടാൾക്കൂടി ധരിക്കേണ്ടതുമാണ്. പല സംഗതിയിലും ശൎമ്മിഷ്ഠയെ ഞാൻ ബുദ്ധിമുട്ടിച്ചതോൎത്തിട്ട് എന്റെ മനസ്സ് ഇപ്പോൾ നടുങ്ങുന്നു. അതുകൊണ്ടു കിഴക്കടെ കഴിഞ്ഞതൊക്കെ ശൎമ്മിഷ്ഠ

മനസ്സിൽനിന്നു തീരെ മറന്നുകളയണം. അല്ലാഞ്ഞാൽ എനിക്കു സ്വൈരമില്ല. മേലിൽ സഹോദരിയെപ്പോലെ സ്നേഹിക്കും. എന്നു മാത്രമല്ല, വല്ല അനിഷ്ടം പ്രവർത്തിച്ചാൽകൂടി ശർമ്മിഷ്ഠയോടു ഞാൻ കോപിക്കയില്ല.

രാജാവ്—(ശർമ്മിഷ്ഠയോട്) കേട്ടില്ലേ?

ശർമ്മിഷ്ഠ— ജ്യേഷ്ഠത്തി ഇതുവരെ ശാസിച്ചതൊക്കെ അനുഗ്രഹമായിട്ടാണു ഞാൻ വിചാരിക്കുന്നത്. ഗുരുജനത്തിന്റെ കീഴിൽ എത്ര ബുദ്ധിമുട്ടിയാലും ഒടുക്കം സുഖമായിട്ടേ പരിണമിക്കയുള്ളൂ. ഞാൻ എന്നും ജ്യേഷ്ഠത്തിയുടെകീഴിൽ തന്നെയെന്നുള്ള വിചാരമാണ് എനിക്കുള്ളത്.

ദേവയാനി—ശർമ്മിഷ്ഠയുടെ പുത്രനെ കഷ്ടത്തിലാക്കിയതുകൊണ്ടും എന്റെ നേരെ നീരസമരുത്. അവൻ ഞങ്ങൾ ഇരുവർക്കും ഒരുപോലെയാണല്ലോ.

രാജാവ്—(ശർമ്മിഷ്ഠയോട്) അല്ലയോ പ്രിയതമേ!

ഓമൽബാലനെയീജ്ജരാർത്തനിലയിൽ-
ച്ചേർത്തിട്ടുമൾത്താരിലേ-
ക്കാമത്തിൻ പരിണാമതൃപ്തി വരുവാൻ
കാമിച്ചുപോയ് ഞാനെടോ;
നീ മറ്റൊന്നുമകക്കരുന്നിൽ നിരുപി-
ച്ചേതും വിഷാദിക്കൊലാ
ശ്രീമത്താം മമ സർവ്വവും തവ സുതൻ
താനാണു താങ്ങീടുവാൻ. ൫൩

ശർമ്മിഷ്ഠ—എനിക്ക് ആര്യപുത്രന്റെ പാദശുശ്രൂഷക്ക് അവകാശം വന്നതുകൊണ്ടും എന്റെ ഗർഭജാതൻ ഈ

ആപന്നിവാരണത്തിന്നു ശക്തനായി വന്നതുകൊണ്ടും ജന്മസാഫല്യം വന്നുവെന്നായി വിചാരിക്കുന്നു.

രാജാവ്—നിങ്ങൾ ഇങ്ങിനെ ഒരുമയിൽ കഴിഞ്ഞുവരുന്നതു കാണ്മാനായി യോഗം വരുമെന്ന് ഒരിക്കലും ഞാൻവിചാരിച്ചിരുന്നതല്ല. അതിനിപ്പോൾ സംഗതിയായതിനാൽ എനിക്കും കൃതകൃത്യത വന്നു. ഇനിയും നിങ്ങളുടെ ഇഷ്ടത്തിന്നു വേണ്ടി എന്താണ് പ്രവൎത്തിക്കേണ്ടത്?

ദേവയാനി— വൈഖാനസവൃത്തിയെടുക്കാറാകുന്നതുവരെ പ്രജകളെ പരിപാലിച്ചു രാജ്യഭാരം നടത്തുകയും ഞങ്ങളിൽ സമഭാവനയോടുകൂടി വളരെകാലം സുഖങ്ങളനുഭവിക്കുകയും തന്നെ.

രാജാവ്—എന്നാൽ ഇങ്ങിനെകൂടി ഭവിക്കട്ടെ.

ഭരതവാക്യം

ഗുരുജനതയിലാക്കും ഭക്തി വൎദ്ധിച്ചിടട്ടേ;
ചെറുകിവരുമസൂയയ്ക്കന്തവും വന്നിടട്ടേ;
കരുണയൊടു നരേന്ദ്രൻ നാടു രക്ഷിച്ചിടട്ടേ;
പുരുഗുണമണയട്ടേ ഭൂരിസൌഖ്യം വരട്ടേ.

എല്ലാവരും പോയി.

അഞ്ചാമങ്കം കഴിഞ്ഞു.

സമാപ്തം



ലക്ഷ്മീസഹായം പ്രസ്സ് വക

# വേറേ ചില പുസ്തകങ്ങൾ

1 മാമാങ്കം—പണ്ടത്തെ മാമാങ്കോത്സവം കണ്ടിട്ടുള്ള ഒരു പ്രാചീനകവി എഴുതിയ കിളിപ്പാട്ട് വില ക 1—0-

2 ശോണാദ്രീശസ്തോത്രം—കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ആൎയ്യാശതകം വില ക 0—4-

3 ബധിരവിലാപം—വള്ളത്തോൾ നാരായണമേനോനവർകളുടെ അനുഭവപ്പെട്ട ഒരു പദ്യകാവ്യം വില ക 0—2-

4 തുപ്പൽകോളാമ്പി—കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ ഒരു സരസപദ്യകൃതി. വില ക 0—3-

5 സാമ്രാജ്യഗീത—കഴിഞ്ഞുപോയ വി. സി. ബാലകൃഷ്ണപ്പണിക്കരവർകളുടെ ഒരു പദ്യകൃതി 0—2-

6 ധനശാസ്ത്രം—(ഒന്നും രണ്ടും വാല്യങ്ങൾകൂടി) 1—4-

7 വ്യാപാരചരിത്രം—(ഒന്നാംഭാഗം) 0-12-

8 ഗണപതി—വള്ളത്തോൾ നാരായണമേനോനവർകളുടെ ഒരു വിശിഷ്ടപദ്യകൃതി 0—3-

9 രുക്മാംഗദചരിതം—പന്തളത്തു കേരളവൎമ്മ തമ്പുരാൻ തിരുമനസ്സിലെ ഒരു ഭാഷാമഹാകാവ്യം 1—8-

ലക്ഷ്മീസഹായം പ്രസ്സ് മാനേജർ

കോട്ടയ്ക്കൽ, തെക്കേമലയാളം.